

DETROIT MALAYALEE ASSOCIATION

www.dmausa.org

# DHWANI

# ധ്വനി

Vol. 18 | Issue -02 | August-September 2025




Michigan Malayalee - 2013
Since 20 Years
National Groceries
Indian Cuisine
Catering & Carry out of your needs
33148 Ryan Road,
Sterling Heights, MI, 48120
Phone: 586-268-8225
Weekend Buffet & Banquet Hall Available




## OFFICE BEARERS

*President:* **Biju Joseph**
*Vice President:* **Dinesh Lakshmanan**
*General Secretary:* **Noble Thomas**
*Joint Secretary:* **Ashok Jordan**
*Treasurer:* **Praveen Nair**
*Joint Treasurer:* **Sanju Koithara**

## BOT

*Chairman:* **Sudarsana Kurup**
*Secretary:* **Saijan Kaniyodikal**
*Vice Chairman:* **Rajesh Nair**
*Current President:* **Biju Joseph**
*Ex-Officio:* **Prince Abraham**

## EDITORIAL BOARD

*Chief Editor:* **Saijan Kaniyodikal**
**Aiswariya Dinesh; Boby Alappatt**
**Devika Rajesh; Dinesh Lakshmanan**
**Libin John; Brijesh Gopal ; Paul Kuriakose**

## WOMEN'S FORUM

*President:* **Animma Ajith**
*Secretary:* **Sumini Jordan**

## YOUTH FORUM

*Chair Person:* **Nived Paingol**
*Vice Chair Person:* **Joshua Manoj**

## Executive Committee

| | |
|---|---|
| Abhilash Paul | Ajith Ayyampilly |
| Aju Gopinathan Nair | Antony Manalel |
| Ashok Jordan | Biju Joseph |
| Binu Mathew | Boby Thomas |
| Brijesh Gopalakrishnan | Charls Thomas |
| Diaz Thomas | Dinesh Lakshmanan |
| George Idicula | George Vannilam |
| Gigi Paul | Jose Lukose |
| Kavungal Ramachandran | Krishnakumar Nair |
| Libin John | Madhu Nair |
| Manoj Jaiji | Mathews Cheruvil |
| Mohan Panangavil | Narayanan Namboodiri |
| Noble Thomas | Osborne David |
| Paul Kuriakose | Praveen Nair |
| Prince Abraham | Rajesh Kutty |
| Rajesh Nair | Rojan Thomas |
| Roy Pillai | Sadeep Muraleedharan |
| Saijan Joseph | Sajan George |
| Sam Mathew | Sandeep Palakkal |
| Sanju Koithara | Sanu Kuriakose Thomas |
| Sreekumar Kambath | Sudarsana Kurup |
| Sunil Paingol | Thomas Karthanal |




# CONTENT


**President's Message** .......... 02
*ബിജു ജോസഫ്*

**ഓണവും പ്രവാസ ജീവിതവും** .......... 03
*സൈജൻ കണിയോടിക്കൽ*

**അഭയം** .......... 05
*ബിന്ദു വേണുഗോപാൽ*

**മരിയാന കടലിൽ നിന്ന് വന്നവൾ** .......... 07
*ജോൺ ഫിലിപ്പ്*

**'പാരമ്പര്യ പാചകത്തിന്റെ യഥാർത്ഥ രുചി'** .......... 10
*ദേവിക രാജേഷ്*

**തിരുവോണനാളിലെ കണിക്കൊന്ന** .......... 15
*രജീഷ് വെങ്കിലാട്ട്*

**ജിബ്രാൻ നെരൂദയോട് പറയുന്നത്** .......... 17
*സി ഹനീഫ്*

**ചുരുളി സൃഷ്ടിച്ച സാംസ്കാരിക ചുഴികൾ** .......... 20
*അഡ്വ. ചാർളി പോൾ*

**ഓണപ്പൊലിമ** .......... 23
*അഞ്ജലി പ്രദീപ്*

**മാംഗല്യം തന്തുനാനേന...** .......... 24
*സരിത പ്രവീൺ*

**RECIPES**

**AVIYAL** .......... 28
*മിനി സൈജൻ*

**BROKEN WHEAT PAYASAM** .......... 29
*മിസ്സിസ് ലൂസി ജോർജ്*

**ഇല പൊഴിക്കുന്ന മരങ്ങൾ** .......... 31
*മിനി സുരേഷ്*

**FINANCIAL LITERACY IN OUR COMMUNITY:** .......... 34
*അഭിലാഷ് പോൾ*

**HALFWAY TO GREATNESS:** .......... 35
*നോബിൾ തോമസ്*

**WF ACTIVITIES RECAP:** .......... 38
*അനിമ അജിത്*




# President's Message

Dear Members of the Detroit Malayalee Association ,

As the golden hues of Chingam grace our hearts and homes, it is with immense joy and gratitude that I extend my warmest Onam greetings to each and every one of you.

Onam is not merely a festival—it is the spirit of Kerala itself. A celebration of harvest, harmony, and heritage, Onam reminds us of the values that define our identity: unity in diversity, respect for tradition, and the joy of togetherness. Even thousands of miles away from our homeland, we continue to carry its soul in our hearts.

Here in Detroit, our Malayalee community stands as a vibrant testament to this legacy. Through our shared celebrations, cultural programs, and acts of solidarity, we keep alive the traditions that have been passed down through generations. Dhwani—our cultural magazine—is one such cherished medium through which we share our stories, our talents, and our dreams.

Let this Onam be a reminder that no matter where we are, the spirit of Mahabali's just and joyful reign lives on when we embrace kindness, equality, and togetherness.

On behalf of the Detroit Malayalee Association, I wish you and your families a blessed, prosperous, and joyful Onam. May this season bring peace to our minds, abundance to our lives, and love to our hearts.

Onashamsakal!

With warm regards,

**Biju Joseph**
***President, Detroit Malayalee Association***







Editorial

# ഓണവും പ്രവാസ ജീവിതവും

പ്രിയപ്പെട്ട വായനക്കാരേ,

ഓരോ ഓണവും ഒരു നല്ല കാലത്തിന്റെ ഓർമ്മകൾ പുതുക്കി നമ്മെ സമൃദ്ധിയിലേക്ക് ക്ഷണിക്കുന്ന ഒരു ദേശീയോത്സവമാണ്. അതുകൊണ്ടു തന്നെ സമൃദ്ധിയുടെയും സമത്വത്തിന്റെയും പ്രതീകമായ ഓണം നമുക്ക് എപ്പോഴും പ്രിയപ്പെട്ടതാണ്.

ഓണം അടുത്താൽ നമ്മൾ മലയാളികളുടെ മനസ്സിലൊക്കെ ഒരു നറുമണമുള്ള ഓർമ്മകൾ പടരുന്നു. നാട്ടിലെ പാടങ്ങൾ, ആമ്പൽകുളങ്ങളിലെ സുഗന്ധം പരത്തുന്ന താമരകൾ, നാട്ടുവഴികൾ തോറും നടന്ന് പൂക്കളിറുത്ത് നടുമുറ്റത്തിടുന്ന പൂക്കളം. ഏഴാം കടലിനിക്കരെയാണെങ്കിലും ആ ഓർമകൾ നമ്മുടെ ഹൃദയത്തിൽ എന്നും അലയടിക്കാറുണ്ട്.

ഇന്ന് അമേരിക്കയിലെ വിശാല നഗരങ്ങളിൽ, തിക്കിനും തിരക്കിനും ഇടയിലുള്ള ജീവിതത്തിലും നമ്മുടെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്ന ഓർമ്മകളുടെ ദ്വീപാണ് ഓണം. ഈ വർഷം പലവിധ വെല്ലുവിളികളോടെയാണ് നമ്മൾ മുന്നോട്ടുപോകുന്നത്. ജോലിസംരക്ഷണം, സാമൂഹിക സമാധാനം, ദിവസംതോറും കൂടുന്ന നിത്യജീവിതച്ചെലവുകൾ പ്രവാസ ജീവിതത്തിന്റെ സമാന്തര വെല്ലുവിളികളാണ് ഇവ. എന്നാൽ ഓരോ ഓണവും നമ്മളെ ഓർമ്മിപ്പിക്കുന്നു നമ്മൾ ഒത്തൊരുമയോടെ, ഒപ്പം കൈകോർത്താൽ ഏതു വെല്ലുവിളികളേയും നിഷ്പ്രയാസം അതിജീവിക്കുവാൻ സാധിക്കും.

നമ്മുടെ പുത്തൻ തലമുറയ്ക്ക് ഈ മഹോത്സവത്തിന്റെ അർത്ഥം മുഴുവൻ മനസ്സിലാക്കി കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. കുഞ്ഞുകുട്ടികളെ മുണ്ടും നേരിയതും ഉടുപ്പിച്ച്  ഓണപ്പാട്ട് പഠിപ്പിക്കാം, കൂട്ടായി ഒരു ഓണ സദ്യ ഒരുക്കാം, കുട്ടികളോടൊപ്പം വീട്ടിൽ പൂക്കളമിടാം. ഓരോ ഓണാഘോഷവും നന്മയുടെ പ്രകാശം പരത്തട്ടെ. അങ്ങനെ അതു നമ്മുടെ സംസ്കാരത്തിന് പുതിയ പിറവി നൽകട്ടെ.



പ്രവാസ ജീവിതത്തിന് മലയാളനാട്ടിൽ നിന്നും ഏറെ ദൂരം ഉണ്ടാകും, പക്ഷേ ഓണക്കാലത്ത് നമ്മുടെ നാടിന്റെ സാന്നിധ്യം നമുക്ക് ഏറെ അടുത്തായി വരുന്നു. മഹാബലിയുടെ വാർഷീക സന്ദർശനം എന്ന സങ്കൽപത്തെ വേണമെങ്കിൽ വെറുമൊരു കഥയായി ഒതുക്കാമായിരുന്നു. എന്നാൽ കാലം അങ്ങനെ ചെയ്യാതിരുന്നതുകൊണ്ടാണ് ഒരു നല്ല കാലത്തിന്റെ, നന്മയുടെ, സമൃദ്ധിയുടെ, വിശ്വമാനവീകതയുടെ സന്ദേശം യുവതലമുറയിലേക്ക് പകർന്നു നൽകുവാൻ നമുക്ക് സാധിക്കുന്നത്.

ഓണം ഓർമ്മയുടെ ആഘോഷമാകുന്നതോടൊപ്പം കരുണയുടേയും, ആർദ്രതയുടേയും, നന്മകളുടേയും തിരിച്ചറിവിലേക്കുള്ള ഉണർത്തുപാട്ടുകൂടിയാവട്ടെ.

ഇത്തവണത്തെ ഓണം നമ്മുടെ മനസ്സിലും സമൂഹത്തിലും പ്രതീക്ഷകളുടെ പ്രകാശകാന്തിയായി മാറട്ടെ.

എല്ലാവർക്കും ഒരായിരം ഓണാശംസകൾ!

സ്നേഹപൂർവ്വം

**സൈജൻ കണിയോടിക്കൽ**



# ABDU HALAL MEATS & GROCERY MARKET




46090 Michigan Ave, Canton, MI 48188
https://www.abdumarket.com

734-322-9240
734-545-8040

**Open daily 8:00AM to 9:00PM**


കവിത






ബിന്ദു വേണുഗോപാൽ
തിരുവനന്തപുരം

കാറ്റു വീശി
ഉലഞ്ഞു ഇലചാർത്തുകൾ
വീണുടഞ്ഞു പൊടിമണ്ണിൽ
നീർതുള്ളികൾ
കാലത്തിൻ മിഴി നീർക്കണങ്ങൾ.
ഇരുൾ മൂടിയ വീടിന്നുമ്മറത്ത്
നിശബ്ദം ചാരുകസാല
അച്ഛന്റെ ഗന്ധം പേറി മയങ്ങി
അടുക്കള കോലായിൽ ധ്യാനിക്കുന്ന അടുപ്പിൽ
എന്നോ തിളച്ചു മറിഞ്ഞ രുചികളുടെ വടുക്കൾ
പൊടി മൂടിയ മേശ മേൽ വായിച്ചു പാതിയാക്കിയ
ചെറുകഥ
ഉമ്മറ തിണ്ണയിൽ ക്ലാവ് പിടിച്ചു ജപിക്കുന്ന
നിലവിളക്ക്
അകമുറിയിൽ മാറാല ചാർത്തിയ ചിത്രത്തിൽ
മുത്തച്ഛൻ
കാതങ്ങൾക്കപ്പുറം കാലടിശബ്ദങ്ങൾ
ഇളം തിണ്ണയിൽ വീശുന്ന കാറ്റിൽ ഉറഞ്ഞു പോയ
നിശ്വാസങ്ങൾ
മുറ്റത്തു പടർന്ന പുല്ലിൽ മറഞ്ഞു മയങ്ങുന്ന
പാദസരത്തിന്റെ തുണ്ട്
കർക്കിടക പെയ്ത്തിൽ ഒടിഞ്ഞ മാവിൻ
ചില്ലയിൽ
ഏകാകിയാമൊരു രാപക്ഷിയുടെ തേങ്ങൽ
സ്നേഹച്ചൂരിൽ പുണർന്നുണർന്ന ദിനരാത്രങ്ങൾ
എന്നോ മറഞ്ഞ ജീവൽ സ്പന്ദനങ്ങൾ
അനന്ത വീഥികളിൽ
മുന്നോട്ടു കുതിക്കുന്നു കാലത്തിൻ തേർക്കുതിരകൾ
പിന്നിൽ മയങ്ങുന്നു
ഗതകാലതിൻ അഭയ സ്ഥാനങ്ങൾ
കിളിയൊഴിഞ്ഞ കൂടുകൾ
മഴ തോർന്ന രാവുകൾ
പഴമണം പേറുന്ന ഓർമ്മകൾ.




BEST TASTE SWAD IN TOWN
PATEL BROTHERS
PATEL'S Fresh Kitchen
FRESH • TASTY • DESI
"Celebrating Our Food...
Our Culture"
Scan To Join Our WhatsApp Channel
28684 Ford Rd
Garden City, MI 48135
(734) 427-4445
28950 Orchard Lake Rd
Farmington Hills, MI 48334
(248) 851-7470
3426 Washtenaw Ave
Ann Arbor, MI 48104
(734) 971-1207
5055 Rochester Rd
Troy, MI 48085
(248) 509-7116
Groceries Fresh Bakery Produce
Follow us on facebook to stay up-to-date on latest sales, promotions, and other news!
WWW.PATELBROS.COM

കഥ



ജോൺ ഫിലിപ്പ്



# മരിയാന കടലിൽ നിന്ന് വന്നവൾ

രാത്രി കടലിന്റെ നിറങ്ങളെ നഷ്ടപ്പെടുത്തിയിരുന്നു. പതിഞ്ഞ നിലവിളിപോലെ തിരമാലകളുടെ ആരവം കേൾക്കാം. സുഖകരമായ കാറ്റ് – തണുപ്പ്. ഞാൻ നല്ല ഉറക്കത്തിലായിരുന്നു. ആരാണ് എന്നെ ഉണർത്തിയത്. അല്ല. അതൊരു സ്വപ്നമായിരുന്നില്ല. കണ്ണു തുറന്നപ്പോൾ കണ്ടത്, നീലനിറത്തിൽ മേഘപാളികളെപ്പോലെ തോന്നിക്കുന്ന മഞ്ഞിന്റെ വലയങ്ങളാണ്. മേഘങ്ങൾക്കിടയിൽ തിളങ്ങുന്ന കണ്ണുകൾ. സ്വർണ്ണനൂലുകൾ പോലെ തലമുടിയിഴകൾ. അവൾ ശബ്ദമുണ്ടാക്കാതെ ഒന്നു ചിരിച്ചു. നീലയെ നിഷ്പ്രഭമാക്കുന്ന സൗന്ദര്യം, ജനാലകൾ തുറന്ന് കിടക്കുന്നു. ജാലകവിരികൾ കടൽക്കാറ്റിൽ ഉലയുകയാണ്. കാറ്റിനൊപ്പം ജലത്തിന്റെ നനവ് ശരീരത്തെ സ്പർശിക്കുന്നുണ്ട്. അവൾ നഗ്നയായിരുന്നു. കിടക്കയിൽ എന്റെ സമീപത്ത് വന്നിരുന്നപ്പോൾ അവൾക്ക് മഞ്ഞിന്റെ ഗന്ധമായിരുന്നു. ആ ഗന്ധം അത് എന്നെ എന്തോ ഓർമ്മിപ്പിക്കുന്നുണ്ട്. എന്താണെന്ന് പറയാൻ വയ്യ.

അവളുടെ പേര് മരിയാന. പതിനാല് വർഷങ്ങൾക്ക് മുമ്പ് ഒരു രാത്രിയിൽ ഈ കോട്ടേജിന്റെ ബാൽക്കണിയിൽ നിന്ന് കടലിലേക്ക് വീണവൾ. കടൽ അവളെ ക്ഷണിക്കുകയായിരുന്നു. ഒരു കളിക്കൂട്ടുകാരിയെപ്പോലെ കടൽ അതിന്റെ അഗാധതകളിലേയ്ക്ക് അവളെ കൂട്ടിക്കൊണ്ടുപോയി.

മനസ്സിലാകുന്നു.... ആ ഗന്ധം, മഞ്ഞിന്റെ ഗന്ധം. അതിന് കുഞ്ഞുങ്ങളുടെ ശ്വാസത്തിന്റെ ഗ

ന്ധമാണ്. ഒരിക്കൽ മരിയാനയും ഒരു കുഞ്ഞായിരുന്നു.

ഓക്കുമരങ്ങൾ ഇലപൊഴിച്ച് നിൽക്കുന്ന ഒരു ഗ്രീഷ്മകാലം...

അഞ്ച് വയസ്സുള്ള കൊച്ചുമരിയയുടെ കൈപിടിച്ച് പപ്പ നടക്കുകയാണ്. ആ വഴികൾ ഇപ്പോഴും ഓർക്കുന്നു. ധാരാളം വൃക്ഷങ്ങളുള്ള കാട്ടുവഴി അവസാനിച്ചത് കാൽപ്പാദം മാത്രം നനയുന്നത്ര വെള്ളമൊഴുകുന്ന ഒരു അരുവിയുടെ കരയിലാണ്. മറ്റാരെയും പോലെ അരുവിയിലൂടെ നടക്കാനായി ഞാൻ വെള്ളത്തിലേക്ക് ഇറങ്ങിയെങ്കിലും പപ്പ എന്നെ എടുത്തുകൊണ്ട് നടന്നു.

കടൽത്തീരത്ത് ധാരാളം ആളുകൾ കൂടി നിന്നിരുന്നു. ഉച്ചവെയിലിൽ എല്ലാവരുടേയും മുഖങ്ങൾ ചുവന്നുതുടുത്തു കാണപ്പെട്ടു. മണൽപരപ്പിലൂടെ ആളുകൾക്കിടയിലൂടെ ഞാൻ പപ്പയ്ക്കൊപ്പം നടന്നു. തീരത്ത് ഒരു കപ്പലിന്റെ ദ്രവിച്ചു തുടങ്ങിയ അവശിഷ്ടങ്ങൾ കൂട്ടിയിട്ടിരുന്നു. നാൽപ്പത് വർഷങ്ങൾക്ക് മുമ്പ് കാണാതായ ഒരു യുദ്ധക്കപ്പലായിരുന്നു അത്. ഇത്രയും കാലം കടലിന് അടിയിൽ വലിയ ഒരു മഞ്ഞുമലയുടെ ഇടുക്കിൽ കുടുങ്ങിക്കിടക്കുകയായിരുന്നു. മഞ്ഞുരുകി പാളികളായി അടർന്നുമാറിയപ്പോഴാണ് കപ്പലിന്റെ അവശിഷ്ടങ്ങൾ ജലോപരിതലത്തിൽ കാണപ്പെട്ടത്. പഴകിയ മരപ്പലകകൾക്കിടയിലൂടെ യൂണിഫോം ധരിച്ച നാവിക ഉദ്യോഗസ്ഥൻ ഞങ്ങളെ കപ്പലിന്റെ അകത്തെ കേടുപാടുകൾ സംഭവിക്കാത്ത എഞ്ചിൻ ക്യാബിനിലേക്ക് കൊണ്ടുപോയി. പോകുന്ന വഴിയിൽ ആരൊക്കെയോ നിശ്ചലാവസ്ഥയിൽ ഇരിക്കുന്നതും കിടക്കുന്നതും കണ്ടു. അവരെക്കണ്ടാൽ മരിച്ചവരാണെന്ന് തോന്നുകയേയില്ല. എഞ്ചിൻ ക്യാബിനിന്റെ വാതിലിനപ്പുറം ഒരാൾ ശാന്തഭാവത്തോടെ ചാരിയിരിക്കുന്നുണ്ട്. അല്പം കഷണ്ടി കയറിയ തല. പഞ്ഞിക്കെട്ട് പോലെ താടിരോമങ്ങൾ വളർന്ന് നിന്നിരുന്നു. വാർദ്ധക്യത്തിന്റേതായ ഒരു ലക്ഷണവും ആ മുഖത്ത് കാണാനില്ല.

'ഇതാണ് മോളെ നിന്റെ മുത്തച്ഛൻ.'

പപ്പാ ഒരു സ്വകാര്യം പോലെ പറഞ്ഞിട്ട് മുത്തച്ഛന്റെ സമീപം ചെന്ന് മുട്ടുകുത്തിയിരുന്നു.

മുത്തച്ഛൻ ആ കപ്പലിന്റെ കപ്പിത്താനായിരുന്നു. എന്നെ അത്ഭുതപ്പെടുത്തിയത് മുത്തച്ഛന് എന്റെ പപ്പയെക്കാൾ പ്രായംകുറവായിരുന്നുവെന്ന സംഗതിയാണ്. ആ മഞ്ഞുമല മുത്തച്ഛനെ വൃദ്ധനാക്കിയില്ല.

കടലിനടിയിൽ വർഷങ്ങളറിയാത്ത അവസ്ഥയിൽ തന്നെ മുത്തച്ഛൻ ജീവിച്ചു.

അതോ മരിച്ചോ ?

മുത്തച്ഛനെ കരയ്ക്കെടുക്കേണ്ടിയിരുന്നില്ലെന്ന് പിറ്റേന്ന് തന്നെ എനിക്ക് തോന്നി. സെമിത്തേരിയിലെ കുഴിമാടത്തിനരികിൽ പൂക്കളാൽ അലങ്കരിച്ച ശവപ്പെട്ടിയിൽ കിടന്ന മുത്തച്ഛൻ എനിക്ക് തീർത്തും അപരിചിതനാ



യിരുന്നു. മുത്തച്ഛൻ ശരിക്കും വൃദ്ധനായിക്കഴിഞ്ഞിരുന്നു. ഒരു ദിവസം കൊണ്ട് കഴിഞ്ഞുപോയ നാല്പത് വർഷങ്ങൾ ആ ശരീരത്തിലേക്ക് ഇരച്ചുകയറി. യഥാർത്ഥത്തിൽ അപ്പോൾ മാത്രമാണ് മുത്തച്ഛൻ മരിച്ചത്.

മരണത്തിന്റെ ദൈവങ്ങൾ കടലിലില്ല. കടലിന്റെ അഗാധ ലോകങ്ങളിൽ ആരും വൃദ്ധരാകുന്നില്ല. മരിയാനയെക്കുറിച്ചുള്ള എന്റെ കൗതുകങ്ങൾ അവസാനിച്ചിരുന്നില്ല. എങ്കിലും ഞങ്ങൾ ഒന്നും സംസാരിക്കുകയുണ്ടായില്ല.

അവളുടെ നഗ്നതയിൽ എനിക്കെന്റെ ശബ്ദം നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. സ്വച്ഛമായ ആ ശരീരത്തിന്റെ ജലോപരിതലത്തിൽ വാക്കുകൾ ശ്വാസംകിട്ടാതെ മുങ്ങിത്താഴുകയാണ്. നോക്കൂ. രതിയുടെ ഹരിതവനങ്ങൾ.

തൊട്ടാൽ പൂക്കുന്ന മരംപോലെ മരിയാന.

ആസക്തിയുടെ ഊർജ്ജം സംഭരിക്കുന്ന വേരുകൾ.

ആടിയുലയുന്ന ശിഖരങ്ങൾ.

കാറ്റ് മഴ പെയ്യിക്കുന്ന ഇലച്ചാർത്തുകൾ.

മരിയാന പൂത്തുനിൽക്കുന്ന നിന്റെ ശരീരത്തിന്റെ ശിഖരങ്ങളിൽ ഞരമ്പുകൾ തളരും വരെ ഞാനൊരു കൂടുകൂട്ടട്ടെ.

എപ്പോഴോ ഞാൻ എന്റെ ശബ്ദം വീണ്ടെടുത്തു. അത് ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല.

'മരിയാന നീ മരിച്ചവളാണോ?'

എനിക്കത് അറിയില്ല. ജീവിതത്തിന്റെയും മരണത്തിന്റെയും വേർതിരിവുകൾ ഞാനനുഭവിച്ചിട്ടില്ല. എനിക്കവിടെ ഈ ലോകത്തേക്കാൾ സുരക്ഷിതമാണ്.

നിങ്ങൾക്കറിയുമോ ജൂഡും ഇപ്പോൾ അങ്ങനെ തന്നെ ആയിരിക്കും വിശ്വസിച്ചിരിക്കുന്നത്. ഞാൻ മരിച്ചുപോയെന്ന്.

ജൂഡ് ഇപ്പോൾ എവിടെയായിരിക്കും.....

ആഗ്രയിലെ മുഗൾ ചക്രവർത്തിമാരുടെ ചരിത്രസ്മാരകങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് ഏതെങ്കിലും ടൂറിസ്റ്റുകളുടെ കൂടെ നടക്കുകയായിരിക്കുമോ? അതോ കുത്ത്ബ് മീനാറിനടുത്ത് പൂർത്തിയാകാത്ത കൊട്ടാരക്കെട്ടുകളിലെ കരിങ്കൽതൂണിൽ ചരസ്സിന്റെ ഉന്മാദത്തിൽ ചാരിക്കിടക്കുകയാവുമോ?....അങ്ങനെ ഒരവസ്ഥയിലാണ് ജൂഡിനെ ഞാൻ ആദ്യമായി കണ്ടത്. ഇഷ്ടമില്ലാതിരുന്നിട്ടും ഞാൻ നിർബന്ധിച്ചതുകൊണ്ട് അവൻ എന്റെ കൂടെപ്പോന്നു. ദിവസങ്ങളോളം ഈ മെത്തയിൽ ഞങ്ങൾ ഒന്നിച്ചുറങ്ങി. കടലിന്റെ മാറുന്ന നിറങ്ങളും ശബ്ദങ്ങളും ഞങ്ങളുടെ കണ്ണുകളിലെ ശൂന്യതയകറ്റി.

എന്തുകൊണ്ടോ ജൂഡിന് ഇവിടെ മടുത്തു. മടങ്ങിപ്പോകണമെന്ന് വാശി പിടിക്കാൻ തുടങ്ങി. ഞാൻ അതിന് തയ്യാറായില്ല. ഒടുവിൽ എങ്ങോട്ടേക്കെന്നുപോലും പറയാതെ ജൂഡ് ഇവിടെനിന്ന് യാത്രയായി, ഞാൻ പിന്നെയും ഒറ്റയ്ക്കായി. ദിവസങ്ങൾക്കു ശേഷം ഒരു ദിവസം തീരെ പ്രതീക്ഷിക്കാതെ ജൂഡിന്റെ ഫോൺകോൾ വന്നു. അവന്റെ ശബ്ദം കേട്ടതും ഞാൻ കരയുകയായിരുന്നു. ഇത്രയും കാലം എന്നെ പീഡിപ്പിച്ച ഏകാന്തതയെക്കുറിച്ച് എനിക്ക് അപ്പോളാണ് ബോധ്യമായത് ഞാൻ പറഞ്ഞു.

'ജൂഡ് എനിക്ക് നിന്നെ കാണണം.'

നീ എന്നെ സ്നേഹിക്കുന്നില്ലേ?

അവൻ അതിന് ഉത്തരം പറഞ്ഞില്ല.

'നീ പോയപ്പോൾ ഞാൻ എന്തുമാത്രം വേദനിച്ചെന്നോ'

അവന്റെ സ്വരം പരുഷമായിരുന്നു.

'നിനക്ക് മറ്റെന്തെങ്കിലും സംസാരിച്ചുകൂടെ?'

എനിക്ക് മറ്റൊന്നും സംസാരിക്കാനില്ലായിരുന്നു. സ്നേഹത്തെക്കുറിച്ചല്ലാതെ. കുറച്ചു നേരത്തെ മൗനത്തിന് ശേഷം ജൂഡിന്റെ തളർന്ന ശബ്ദം കേട്ടു.

'സ്നേഹം എപ്പോഴും അകലങ്ങളിലായിരിക്കും മരിയ.....അടുക്കുന്തോറും നമുക്ക് അത് നഷ്ടമാകും.

പിന്നെ ജൂഡിനെ ഞാൻ കാണുകയുണ്ടായില്ല. അവന്റെ ശബ്ദം കേൾക്കുകയുണ്ടായില്ല.

മുറിയുടെ വാതിൽ തുറന്ന് കിടക്കുന്നുണ്ട്.

മരിയാന കടലിലേക്ക് നോക്കിക്കൊണ്ട് ബാൽക്കണിയുടെ കൈവരിയിൽ പിടിച്ച് നിൽക്കുന്നത് എനിക്ക് കാണാം. അവൾ പോകുകയാണോ?

അരുതെന്ന് പറയാൻ കഴിയുന്നില്ലല്ലോ. ഒന്ന് ചലിക്കാനോ ശബ്ദിക്കാനോ കഴിയാതെ ഞാൻ കിടന്നു. വാതിൽ താനേ അടഞ്ഞു...

മരിയാന കടലിലേക്ക് തന്നെ തിരിച്ചുപോയി. കഴിഞ്ഞ നിമിഷങ്ങളുടെ ഓർമ്മയെ അവശേഷിപ്പിച്ചുകൊണ്ട് മഞ്ഞിന്റെ ഗന്ധം മാത്രം അന്തരീക്ഷത്തിൽ തങ്ങിനിന്നു.

സുഖകരമായ കാറ്റ്-തണുപ്പ്. ഞാൻ നല്ല ഉറക്കത്തിലാണ്.



അഭിമുഖം

# 'പാരമ്പര്യ പാചകത്തിന്റെ യഥാർത്ഥ രുചി'



ദേവിക രാജേഷ്

**സംസ്കാരവും രുചിയും ചേർന്നുപോകുമ്പോഴാണ് വിഭവങ്ങൾക്കും പാചകശൈലികൾക്കും ആത്മാവ് ഉണ്ടാകുന്നത്. അത്തരം രുചികളുടെ കഥ പറയുന്ന ഒരാളാണ് പഴയിടം മോഹനൻ നമ്പൂതിരി. പാചകകലയിലെ ശില്പിയും, പാരമ്പര്യ വിഭവങ്ങളുടെ യഥാർത്ഥ സ്വാദ് പകരുന്ന ഒരു അതുല്യപ്രതിഭ.**

**1. താങ്കളുടെ കാഴ്ചപ്പാടിൽ സദ്യയുടെ മഹത്വം എന്താണ്?**

പരിപൂർണ്ണമായ ഒരു വെജിറ്റേറിയൻ സദ്യ എന്നു പറയുന്നത് 100 ശതമാനം ശാസ്ത്രീയമാണ്. ഒരാൾക്ക് ഒരു ദിവസം ആവശ്യമുള്ളത് 3400 calorie ആണ്. എല്ലാ വിഭവങ്ങളും ചേർത്ത് കഴിക്കേണ്ട രീതിയിൽ സദ്യ കഴിച്ചാൽ 3000 calorie ആണ് അയാൾക്ക് ലഭിക്കുന്നത്. അതിന്റെയൊപ്പം ഒരു ചായയോ നാരങ്ങാ വെള്ളമോ കൂടെ ആയാൽ അന്നത്തെ ദിവസത്തേക്കുള്ളതായി. അതുകൊണ്ടാണ് പറയുന്നത് ഒരു വെജിറ്റേറിയൻ സദ്യ 100 ശതമാനം ശാസ്ത്രീയമാണ് എന്ന്.

**2. താങ്കൾ ഈ പാചക കലയിലേക്കു കടക്കുന്നത് എങ്ങനെയാണ്... എപ്പോഴാണ്? ഇന്നുവരെയുള്ള ആ യാത്രയെപ്പറ്റി ഒന്ന് പറയാമോ?**

1987ലാണ് പാചക കലയിലേക്ക് കടക്കുന്നത്.

81–82 കാലഘട്ടങ്ങളിൽ PG കഴിഞ്ഞു ഒരുപാട് ടെസ്റ്റുകൾ എഴുതുകയും അതിനായി ഒരുപാട് യാത്രകൾ നടത്തുകയും ഒക്കെ ചെയ്തിരുന്നു എങ്കിലും ആ കാലഘട്ടത്തിൽ എനിക്കു ജോലി ലഭിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നില്ല. പിന്നെ ജോലി കിട്ടാമായിരുന്ന സ്ഥലങ്ങളിൽ വലിയ donation തുകകൾ ചോദിക്കുകയും അത് കൊടുക്കാനുള്ള സാഹചര്യം അന്നെനിക്ക് ഇല്ലാതിരുന്നത് കൊണ്ടും എനിക്കു ജോലിയൊന്നും ലഭിച്ചില്ല. പക്ഷെ എനിക്കതിൽ വിഷമം ഒന്നുമില്ല. അന്ന് Brahmins-നു 2 options ആണ് ഉള്ളത്. ഒന്നുകിൽ നല്ലൊരു പാചകക്കാരന്റെ ഒപ്പം കൂടുക, അല്ലെങ്കിൽ പൂജാരി ആവുക. പൂജാരി ആയാൽ അതിനു വേറൊരു പക്ഷമുണ്ട്. ഒരു പൂജാരി എത്ര ആത്മാർഥമായി മനസ്സറിഞ്ഞു ഒരു devoteeക്കുവേണ്ടി പ്രാർത്ഥിച്ചാലും അയാൾക്ക് യോഗമുണ്ടങ്കിലേ result ഉണ്ടാവൂ. ആ ഒരു പരീക്ഷണത്തിനു പോകണ്ട എന്ന് തീരുമാനിച്ചു പാചകകലയിലേക്കു തിരിയുകയാണ് ചെ






യ്തത്. പാചകത്തിന്റെ ഒരു ഗുണം എന്താണെന്നാൽ ഒരു വിഭവം ഉണ്ടാക്കി ആദ്യത്തെ 10 മിനിട്ടിൽ തന്നെ ആളുകൾ കഴിച്ചു നമുക്ക് ഇൻസ്റ്റന്റ് result ലഭിക്കും. അപ്പൊ ഏറ്റവും പെട്ടെന്ന് ഉത്തരം കിട്ടുന്ന ഒരു മേഖല പാചകം ആയതുകൊണ്ട് അതിലേക്കു കടന്നു. വളരെ യാദൃശ്ചികമായി വന്നതാണെങ്കിൽ കൂടിയും അതിൽ establish ചെയ്യാൻ കഴിഞ്ഞു എന്നതിലായിരുന്നു എന്റെ വിജയം.

**3. താങ്കളുടെ ഓർമ്മയിൽ നിൽക്കുന്ന ഒരു ക്ലാസിക് ഓണസദ്യ ഏതാണ്, എന്തുകൊണ്ട്?**

ഓണസദ്യ എന്നുപറയുമ്പോ അതിൽ വിഭവങ്ങൾ പരിമിതം ആയിരിക്കും. ഓർമ്മയിൽ നിൽക്കുന്ന ഒരു സദ്യ പറയുകയാണെങ്കിൽ അത് പദ്മശ്രീ. Dr. Ravi Pillai-യുടെ മകളുടെ വിവാഹത്തിനായിരുന്നു.

കൊല്ലത്തു ആശ്രമം ഗ്രൗണ്ടിൽ നടത്തിയ ആ വിവാഹത്തിനാണ് ഞാൻ ഏറ്റവും കൂടുതൽ ആൾക്കാർക്ക് ഭക്ഷണം പാകം ചെയ്തു വിളിമ്പിയത്. ഏതാണ്ട് 30,000ത്തോളം പേർക്ക്, 1000 പേർക്കിരിക്കാവുന്ന 5 ഓഡിറ്റോറിയങ്ങൾ ആ ഗ്രൗണ്ടിൽ സെറ്റ് ചെയ്തു, 5000പേർക്ക് at a time സെർവ് ചെയ്തു 5 ട്രിപ്പായിട്ട് സദ്യ വിളമ്പുകയാണ് ചെയ്തത്. അതുപോലെതന്നെ ഏറ്റവും കൂടുതൽ 55 വിഭവങ്ങൾ ഉണ്ടായിരുന്നു ആ സദ്യക്ക്. അതിനാൽ എല്ലാംകൊണ്ടും എന്റെ മനസ്സിൽ നിൽക്കുന്ന ഒരു ക്ലാസിക് സദ്യ അതുതന്നെ ആയിരുന്നു.

**4. ഒരു പരിപൂർണ്ണ സദ്യയ്ക്ക് എത്ര വിഭവങ്ങൾ ഉണ്ടാകണം എന്ന് താങ്കൾ വിശ്വസിക്കുന്നു?**

വിഭവങ്ങളുടെ വൈവിദ്ധ്യത്തിലല്ല ഒരു സദ്യയുടെ മേന്മ. ഒരു vegetarian സദ്യ എന്ന് പറയുന്നത് ഷഡ്രസങ്ങൾ ഒന്നിനോടൊന്നു ചേർന്ന് സമീകൃതമായ ഉണ്ടാക്കിയിരിക്കുന്ന ഒരു ഭക്ഷണ പദ്ധതിയാണ്. ഷഡ്രസം എന്നാൽ ആറ് രസങ്ങൾ അല്ലെങ്കിൽ രുചികൾ എന്നാണ് അർത്ഥം. അവ മധുരം, പുളി, ഉപ്പ്, എരിവ്, കയ്പ്, ചവർപ്പ് എന്നിവയാണ്. ഒരു പരിപൂർണ്ണ സദ്യയ്ക്കുള്ളിൽ ഈ രസങ്ങൾ എല്ലാം വരുന്നുണ്ട്. ഇവയെല്ലാം കൂടി കൂട്ടി കഴിക്കുമ്പോഴാണ് ഒരു സമീകൃത വെജിറ്റേറിയൻ സദ്യ ആവുന്നത്.

**5. താങ്കൾക്ക് ഏറ്റവും ഇഷ്ടമുള്ള സദ്യ വിഭവം ഏത്? അതിന്റെ പ്രത്യേകത എന്താണ്?**

ഒരു പാചകക്കാരനെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു discrimination ഒരിക്കലും ഉണ്ടാവില്ല. എല്ലാ വിഭവങ്ങളും ഇഷ്ടമാണ്. എന്നാലും ഏറ്റവും കൂടുതൽ സമയമെടുത്തു ശ്രദ്ധയോടെ ഉണ്ടാക്കുന്നവയാണ് പഴപ്രഥമനും പാലടയും. അതുകൊണ്ട് ഇവയോട് ഒരു പ്രത്യേക താല്പര്യമുണ്ട്.

**6. വിഭവങ്ങൾ തയ്യാറാക്കുമ്പോൾ ഏറ്റവും കൂടുതൽ ശ്രദ്ധ ആവശ്യമായ വിഭവം ഏതാണ്?**

എല്ലാ വിഭവങ്ങൾക്കും അതിന്റേതായ രീതിയിലുള്ള ശ്രദ്ധ ആവശ്യമാണ്. ഒരു സദ്യക്കൊരുങ്ങുമ്പോൾ അവിടെ അടുപ്പുകൂട്ടുന്ന അല്ലെങ്കിൽ stove set ചെയ്യുന്ന സ്ഥലവും അതിന്റെ രീതിയും അതിരിക്കുന്ന പ്രതലത്തിന്റെ ചരിവും എല്ലാംതന്നെ ഭക്ഷണത്തിന്റെ രുചിയെ ബാധിക്കും. അടുപ്പിന്റെ ചില ഭാഗത്തു കൂട്ടുകൂടിയാൽ അതും സ്വാദിനെ ബാധിക്കും. അതുപോലെ കഷണങ്ങൾ അരിയുന്നതിലും ഒക്കെ കാര്യമുണ്ട്. ഇപ്പൊ അവിയലിന്റെ കഷണം പത്തുപേർ പത്തു ഘനത്തിൽ ഒരുക്കിയാൽ അ

KURRYS AT TROY
INDIAN CUISINE

3303 Rochester Rd, Troy, MI 48083
248-599-2995

/kurrysattroy
www.kurrysattroy.com

KURRYS
INDIAN CUISINE

24361 Halsted Rd, Farmington Hills, MI 48335
248-826-2014

/kurrysrestaurant
www.kurrys.com

Azoury Financial
*Decades of knowledge for a lifetime of support*

CONTACT

steve.azoury@CoreCapInv.com

Troy Office

3150 Livernois Road Suite 145
Troy, MI 48083

**Phone: (248) 535-4860**

Mon-Fri: 8:00 AM - 5:00 PM
Sat-Sun: By Appointment

ത് വേവിനെ ബാധിക്കും. അതുപോലെ സമയം പാകം ചെയ്യുന്നതു മുതൽ, പകർന്നു വെക്കുന്നതിനും, പല പന്തികളിലായി വിളമ്പുന്നതിനും എല്ലാത്തിനും സമയത്തിന്റെ ഒരു കണക്കു പാലിക്കണം. പല പന്തികളിലായി വളരെ സമയമെടുത്തു വിളമ്പി തീരുമ്പോഴേക്കും ആദ്യം കിട്ടിയ അതേ രുചി അവസാനം കിട്ടീന്നുവരില്ല.

**7. ബഹുരാഷ്ട്ര വിരുന്നുകാർക്ക് സദ്യ പരിചയപ്പെടുത്തിയിട്ടുണ്ടോ? അവർ അതിനെ എങ്ങനെ സ്വീകരിച്ചു?**


ഉണ്ടല്ലോ. പല സ്ഥലങ്ങളിലും പല വേദികളിലും. കല്യാണസദ്യയ്ക്കു തന്നെ പുറത്തുനിന്നുമുള്ള ഒരു പാട് delegates, അതുപോലെ വെളിയിൽനിന്നും വരുന്ന ബന്ധുക്കൾ അങ്ങനെ പലർക്കും. നമ്മുടെ പ്രധാന മന്ത്രി Narendra Modijiക്കു 2016ഇൽ കോഴിക്കോട് വെച്ച് നടന്ന ബിജെപിയുടെ നാഷണൽ കൗൺസിൽ ചടങ്ങിൽ സദ്യ കൊടുക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഖത്തറിൽ വെച്ച് ഇന്ത്യൻ അംബാസിഡറിന്റെ നേതൃത്വത്തിൽ ഒരു ഓണസദ്യ കൊടുത്തിരുന്നു. അന്ന് അവിടെ വന്ന എല്ലാ ഇൻവൈറ്റീസിനും, സെലിബ്രിറ്റീസിനും സദ്യ ഒരുക്കാൻ സാധിച്ചു. വെജിറ്റേറിയൻ സദ്യ പത്തുമുപ്പത്തഞ്ച് ഐറ്റംസ് സമയമെടുത്ത് അതിന്റെ തനതായ രീതിയിൽ ഇത്ര വൈവിധ്യമാർന്ന് കൊടുത്തപ്പോൾ അവർക്കു സന്തോഷവും അത്ഭുതവുമായി, നമ്മുടെ സദ്യയിലെ variety കണ്ടിട്ട്.

*(വളരെ അഭിമാനത്തോടെയുള്ള അദ്ദേഹത്തിന്റെ വാക്കുകൾ)*

*അതുപോലെ പുതിയ തലമുറക്ക് പഴയ രുചികളും വെജിറ്റേറിയൻ വിഭവങ്ങളുടെ വൈവിധ്യവും പരിചയപ്പെടുത്തുന്ന ഒരിടമാണ് 'പഴയിടം രുചി' എന്ന അദ്ദേഹത്തിന്റെ സ്വന്തം റെസ്റ്റോറന്റ്. പഴയിടം മോഹനൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ റെസ്റ്റോറന്റ്, കേരളത്തിന്റെ തനതായ വിഭവങ്ങൾ അതിന്റെ യഥാർത്ഥ രുചിയിലും ആചാരശുദ്ധിയിലുമാണ് നമ്മളുടെ അടുത്തെത്തിക്കുന്നത്.*

*പഴയിടം മോഹനൻ നമ്പൂതിരി സാറിന്റെ വാക്കുകൾ കേൾക്കുമ്പോൾ നമ്മുക്ക് മനസ്സിലാവുന്നത് നല്ല ഭക്ഷണം ചേരുവകളിൽ നിന്നല്ല, മനസിൽ നിന്നാണ് തുടങ്ങുന്നത്. വീട്ടിലെ തനിമ, ക്ഷേത്രവിഭവങ്ങളുടെ ശുദ്ധത, നാടൻ ചേരുവകളുടെ സുഗന്ധം എല്ലാം ഒത്തുചേരുന്നതാണ് എല്ലാവരും കൊതിക്കുന്ന പഴയിടം സദ്യ!*

*സംസ്കാരവും രുചിയും ചേർന്നുപോകുമ്പോഴാണ് വിഭവങ്ങൾക്കും പാചകശൈലികൾക്കും ആത്മാവ് ഉണ്ടാകുന്നത്. അത്തരം രുചികളുടെ കഥ പറയുന്ന ഒരാളാണ് പഴയിടം മോഹനൻ നമ്പൂതിരി പാചകകലയിലെ ശില്പിയും, പാരമ്പര്യ വിഭവങ്ങളുടെ യഥാർത്ഥ സ്വാദ് പകരുന്ന ഒരു അതുല്യപ്രതിഭ.*




BEST COMPLIMENTS
EAST MICHIGAN HOSPITALISTS
DR. DILEEP KUMAR
DR. VISWANADH VEGESNA
DR. KAMALAKAR NERUSU
DR.ANUPAMA DEVARA

കവിത



രജീഷ് വെങ്കിലാട്ട്



# തിരുവോണനാളിലെ കണിക്കൊന്ന

വിഷുവിൽ വിരിയാതെ പോയ കാമുകിയായ കണിക്കൊന്ന തിരുവോണത്തിൽ തിരിച്ചെത്തുന്ന കാത്തിരിപ്പിന്റെ കാവ്യാത്മകാനുഭവമാണ് ഈ കവിത.

**പൂവൊരിയായില്ലേ കണിയേ, വിഷുവിനു മുന്നായ്...**
കണ്ണന്റെയരികിൽ ഒളിഞ്ഞു നിന്നുവോ നീ?
മുറ്റത്ത് കാറ്റ് വിറച്ചു നിന്നു കാണിപ്പതിരായ്
പൊന്മരം പിന്നിലൊളിച്ചു മോഹമായി നീ മാറി,
സങ്കടതിണ്ണയിൽ എന്നിലെ പാട്ടുകൾ
മൗനമായി.
പൊൻവിളക്കായി തെളിയുമീ
വാൽക്കണ്ണാടിയിൽ,
മറവിയുടെയോളങ്ങൾ നിഴലായി
തെളിഞ്ഞു നിന്നു.
പറയാതെ പോയ വാക്കുകൾ, കണ്മണി നീ.
നിനച്ചാൽ മിഴിയിലാകെ നിറം പടരുന്നു.


കണിയൊരുക്കിയ അമ്മയുടെ വിരൽച്ചൂടുകൾ
നിൻ സൂര്യ സ്പർശനത്തിനായി തുടിക്കുന്നു, സഖീ
നിന്നിളം ചുണ്ടിലെ പാടാത്ത പാട്ട് പോലെ.
തലതാഴ്ത്തി കുഞ്ഞിളം നോവുമായി,
കണിയില്ലായ്മ നീട്ടി നിന്ന പന്തിരുനാൾ.
പുതുനാമ്പിൻ കൈകളിൽ ചിരിയൊലികളാകവേ
അപരനനായി നിന്നിലലിയാൻ ഭ്രമിക്കുന്നുവോ, പ്രിയേ?

**കാത്തിരിപ്പ്...**
**പൂവേലായ് വന്നേ പൊന്നോണ പുലരിയിൽ,**
പൊൻമഞ്ഞിൻ മിഴിയിലായി പടിയേറി വന്നു നീ,
പൊയ്കയിലെ ഓളങ്ങളിൽ നിൻ പ്രതിബിംബങ്ങൾ
ഓടുന്ന കാറ്റിൽ, മഴകുറിഞ്ഞിയുടെ മോഹത്തിണങ്ങളിൽ
തിരുമുറ്റം നിറച്ചെൻ അരുമ കണിയെ....

പുനർജ്ജനിച്ച പകലിന്റെ സൂര്യനാളമായി,
പിണങ്ങിയ കിനാവിന്റെ കിളിപാട്ടുകൾ,
പോയ് മറഞ്ഞ ചുവടുകൾ പുതു ചുംബനങ്ങൾ,
നിൻ പൊൻതിളക്കത്തിൽ ഉത്സവ ചാർത്തുകൾ.
പൊൻനടനമാടി തിമർത്തു നീ കളങ്ങളിൽ,
കണ്മിഴിച്ച പൊൻതെളിമയിൽ നീ വേറിട്ട് നിന്നു,
നിൻതിളക്കത്തിൽ എല്ലാം മറന്നു ഞാൻ നടന്നു,
വൈകിയെൻ രാവിന്റെ കുപ്പിവളകളായി,
**ചെത്തിയേൻ കാമുകിയായ് കണിക്കൊന്നയായ്.**


Manjil Designs
JEWELRY & GIFTS
Diamond
Gold
Silver
35552, GRAND RIVER AVE, FARMINGTON, MI - 48335, USA
www.manjildesigns.com | +1 (248) 957-1111


"Where Our Clients Always Come First"
Clients First
REALTORS
COUNTRY PLACE
JOSE PHILIP
REALTOR®
43050 Ford Rd, Ste 130
Canton, MI 48187
Phone: (734) 981-2900
Cell: (248) 767-9952
Fax: (734) 981-6370
http://clientsfirstrealtors.com
email: josejphilip@gmail.com
EQUAL HOUSING OPPORTUNITY
REALTOR®
MULTIPLE LISTING SERVICE
MLS


Tightening your belt?
Call me to save on your auto insurance.
DAN SCHWEGLER
Schwegler Insurance Agency
drschwegler@acg.aaa.com
1365 S. Main St. STE E
Plymouth, MI 48170
734-453-2100 Office
734-667-3396 Fax
AAA
AAA Michigan
Someone you can count on.™
Insurance underwritten by Auto Club Insurance Association family of companies.

കവിത



# ജിബ്രാൻ നെരൂദയോട് പറയുന്നത്

എന്താണ് പ്രണയത്തിന്റെ രസതന്ത്രം?
ജിബ്രാൻ നെരൂദയോട് ചോദിച്ചു.
നന്നായി എഴുതുന്നവർ
പ്രണയിക്കുന്നില്ല
ഏറ്റം വിഷാദാർദ്ര വരികളുടെ
രാത്രി മാത്രമാണത്.
വസന്തം ചെറി മരങ്ങളോടെന്ന പോലെ
അതാത്മാവിനെ പരിരംഭണം ചെയ്യുന്നില്ലേ?
ഇല്ല
അത് വസന്തമോ ഗ്രീഷ്മമോ അല്ല
ഒരിലപൊഴിയും കാലത്തിന്റെ വിരഹചരായ
നവംബറിലെ ആകാശം
ദൂരെ നിന്ന്
പാതി മാത്രം കേൾക്കുന്ന പാട്ട്.
അപ്പോൾ
മഹാവിസ്മൃതിയുടെ
ഉൻമാദത്തെക്കുറിച്ച്?
ഇടവഴികൾ ഇഴ പിരിയും വരെ
ഒരുമിച്ചു നടക്കുക
കാഴ്ചകൾ മായും വരെ ഓർക്കുക.



സി ഹനീഫ്


Serving the Indian Community
RAMAYAH AUTO
RENTALS & REPAIRS
For 25 years since 1992
MONTHLY & LONG-TERM RENTALS
• We provide Monthly and Long-term car rentals
• Reliable Cars at Affordable prices. Fully Inspected and well maintained fleet
• All our cars include Collision Damage Waiver (CDW) and Maintenance
• 24/7 Emergency Roadside Assistance
• Friendly and accommodating staff
REPAIRS & SERVICES
• Honest, Reliable and Dependable repair services provided by Master Mechanics
• Experienced Master Mechanics with a combined experience of more than 50 years
• Complete Car Repair Services for All Domestic and Import Cars
• FREE Pre-purchase vehicle Inspections
• Air-conditioning, Climate Control and Battery Repairs and Replacements
• Exhaust and Muffler Inspection and Service
• Timing-belt and Hose Replacements
• Tire rotation and Computerized Wheel Balancing
• FREE towing provided for any major repair job
43000 W 9 Mile Rd., Unit # 308 NOVI, MI 48375
Phone: +1 248-230-8503 / +1 248-802-8023
Fax: +1 248-679-8940 | Email: ramayahauto@gmail.com | Web: www.ramayahauto.com


HOME BUILDING SOLUTIONS
Professional Solutions For Your Home
South East Michigan's #1Remodeling Company
Providing Quality Design and Craftsmanship Experience Since 1990.
Kitchen Remodeling • Bathroom Remodeling
Exterior Remodeling • Commercial Remodeling
Monday - Friday: 9AM - 5PM
Saturday: 10AM - 3PM
Sundays & Evenings: By Appointment
Call Us Today to Schedule Your FREE Consultation!
248-471-3800
43039 Grand River Avenue
Novi, MI 48375
tfarr@hbsllc.net
hbsllc.net

ലേഖനം

# ചുരുളി

## സൃഷ്ടിച്ച സാംസ്കാരിക ചുഴികൾ



അഡ്വ. ചാർളി പോൾ

വിനോയ് തോമസിന്റെ 'കളിഗെമിനാറിലെ കുറ്റവാളികൾ' എന്ന കഥയെ ആധാരമാക്കി എസ്. ഹരീഷ് തിരക്കഥയും ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനവും നിർവഹിച്ച് 2021 നവംബർ 19ന് ഒ.ടി.ടി യിൽ റിലീസ് ചെയ്ത ചുരുളി എന്ന സിനിമ വീണ്ടും വിവാദമാവുകയാണ്. ചിത്രത്തിൽ തങ്കൻ എന്ന കഥാപാത്രത്തെ അവതരിപ്പിച്ച നടൻ ജോജു ജോർജ് 'ചുരുളി' തന്റെ ജീവിതത്തിൽ ഏൽപ്പിച്ച ഡാമേജ് ചില്ലറയല്ലെന്നും മക്കൾ സ്കൂളിൽ പോകുമ്പോൾ പോലും ചുരുളിയിലെ ട്രോളുകൾ പറഞ്ഞ് മറ്റുള്ളവർ മക്കളെ കളിയാക്കുന്നുവെന്നും പറഞ്ഞു.


ചുരുളിയിലെ ജോജുവിന്റെ കഥാപാത്രം പറയുന്ന തെറികൾ മക്കളെ അവരുടെ സഹപാഠികൾ കാണിച്ചിരുന്നു. അത് കണ്ട് മക്കൾക്ക് തല കുനിക്കേണ്ടി വന്നു. അപ്പ ഈ സിനിമയിൽ അഭിനയിക്കരുതായിരുന്നുവെന്ന് മക്കൾ ജോജുവിനോട് പറഞ്ഞു. വൈകിയെങ്കിലും ഈ തിരിച്ചറിവ് ജോജുവിനെങ്കിലും ഉണ്ടായത് നന്നായി.

അനിയന്ത്രിതമായി അസഭ്യ വാക്കുകൾ ഉപയോഗിക്കുന്ന 'ചുരുളി' സിനിമ ഒ.ടി.ടി പ്ലാറ്റ്ഫോമിൽ നിന്ന് നീക്കണമെന്ന ഹർജിയിൽ സെൻസർ ബോർഡ് ഉൾപ്പെടെയുള്ള എതിർ കക്ഷികൾക്ക് നോട്ടീസ് അയച്ച സന്ദർഭത്തിൽ കേരള ഹൈക്കോടതി ചുരുളിയിലെ ഭാഷാപ്രയോഗങ്ങൾ ഭീകരമാണെന്ന് വാക്കാൽ പരാമർശിച്ചിരുന്നു. സിനിമയുടെ ഏതാനും ഭാഗങ്ങൾ കോടതി നേരിൽ കണ്ടിരുന്നു. സിനിമ പൊതുസമൂഹത്തെ സ്വാധീനിക്കുന്ന കലാമാധ്യമം ആയതിനാൽ ഈ സിനിമ തിയേറ്ററിൽ നിന്ന് നീക്കണമെന്നായിരുന്നു ഹർജിയിലെ ആവശ്യം. ഒ.ടി .ടിയിൽ റിലീസ് ചെയ്തത് സെൻസർ ചെയ്ത പതിപ്പല്ലെന്ന് സെൻസർ ബോർഡ് അന്ന് വിശദീകരിച്ചിരുന്നു. അഭിഭാഷകയായ തൃശ്ശൂർ സ്വദേശി ഫയൽ ചെയ്ത ഹർജി ജസ്റ്റീസ് എൻ. നഗരേഷ് ആണ് പരിഗണിച്ചത്.

ചിത്രത്തിൽ ഉടനീളം ഉപയോഗിച്ചിട്ടുള്ള അസഭ്യ വാക്കുകളിലൂടെ സ്ത്രീകളെയും കുട്ടികളെയും മോശമായി ചിത്രീകരിച്ചതായി ഹർജിക്കാരി ആരോപിച്ചിരുന്നു. ഒ.ടി.ടി. പ്ലാറ്റ്ഫോമിൽ സിനിമ കാണുന്നതിന് കുട്ടികൾക്കും കൗമാരക്കാർക്കും തടസ്സമില്ല. ഒരു ഇന്ത്യൻ മലയാള ഭാഷാ സയൻസ് ഫിക്ഷൻ മിസ്റ്ററി ഹൊറർ ത്രില്ലർ സിനിമ എന്നായിരുന്നു ചിത്രത്തിന്റെ വിശേഷണം.

മയിലാടുംപറമ്പിൽ ജോയി എന്ന പിടികിട്ടാപ്പുള്ളിയെ തേടി ചുരുളിയിൽ കൂലിപ്പണിക്കാരുടെ വേഷത്തിൽ എത്തുന്ന രഹസ്യ പോലീസുകാരായ ആന്റണിയും ഷാജിവനും കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതുമായ കാര്യങ്ങളാണ് സിനിമയുടെ ഇതിവൃത്തം. കുറ്റവാളികൾ ആയിരുന്നവരുടെ ലോകമാണ് ചുരുളി. ചോദി



# Children's Academy

www.mca-ocamontessori.com

At Children's Academy we offer your child the best Montessori "prepared environment" that fosters a love of learning.

- Commitment to Each Child
- Comprehensive Curriculum Committed to Excellence
    - Children "learn by doing"
- Offering Pre Primary through Elementary
    - Practical Life
    - Sensorial
    - Language
    - Math
    - Cultural Studies
    - Geography
    - Science
    - Music
    - Spanish
    - Art
- Trained Experienced Staff
    - Montessori Certified

**Contacts:**

**Macomb Children's Academy**
2171 Fifteen Mile Road
Sterling Heights, MI 48310
O:(586) 979-5501
F:(586) 979-5502
email:Office@mcamontessori.com

**Oakland Children's Academy**
3668 Livernois (South Building)
Troy, MI 48083
O:(248) 729-7505
email: office@ocamontessori.com

Inspired by Maria Montessori's vision of changing the world through the child.

ക്കാനും പറയാനും ആരുമില്ലാത്ത ലോകം. നിയമവ്യവസ്ഥയ്ക്ക് അപ്പുറമാണ് ഈ ലോകം. ചുരുളിക്കാരെ സംബന്ധിച്ചിടത്തോളം സ്വർഗ്ഗരാജ്യം. ലൈംഗികച്ചുവയുള്ള അധമപ്രയോഗങ്ങളും അസഭ്യ പ്രയോഗങ്ങളും സാധാരണീകരിക്കപ്പെടുന്ന ഒരിടം.

സിനിമയുടെ നിർമ്മിതിയിൽ ഉടനീളം പ്രയോജനപ്പെടുത്തിയ അസംസ്കൃത വസ്തുവാണ് തെറി ഭാഷ. അത് ഭീകരം മാത്രമല്ല കേട്ടാൽ അറയ്ക്കുന്ന വഷളൻ പ്രയോഗങ്ങൾ കൂടിയാണ്. വാറ്റു ചാരായത്തോടൊപ്പം അനായാസം വാർന്നു വീഴുകയാണ് വഷളൻ ഭാഷ. തെറി പ്രയോഗങ്ങളിൽ ലിംഗ പദവി തുല്യത കാണാനാകും. ശരീരത്തിലെ ലൈംഗിക അവയങ്ങളെയും ലൈംഗികബന്ധങ്ങളെയും തെറിക്കായി ഉപയോഗിക്കുന്നുണ്ട്. സ്ത്രീയെ പുരുഷന്റെ ലൈംഗിക കാമനയ്ക്കുള്ള വസ്തുവായി കണക്കാക്കുന്ന തെറി പരാമർശങ്ങളുമുണ്ട്.

നീതിവ്യവസ്ഥകളെ പരിഹസിച്ച് അപരലോകം സൃഷ്ടിക്കുകയും അധമ ഭാഷയെ ന്യായീകരിക്കുകയും ചെയ്യുന്നുണ്ട് ഇവിടെ. നീതിന്യായ വ്യവസ്ഥകളുടെ അഭാവത്തിലും പരിഷ്കൃത സംവിധാനങ്ങളുടെ അപര്യാപ്തതയിലും സ്വർഗ്ഗരാജ്യത്തിലാണ് തങ്ങൾ എന്ന് വിശ്വസിക്കുന്ന ചുരുളിയിലെ മനുഷ്യർ തികച്ചും സാങ്കല്പിക സമൂഹമാണ്. അവർ ഏതെങ്കിലും ജാതിയെയോ സമുദായത്തെയോ പ്രതിനിധാനം ചെയ്യുന്നില്ല. തെറി ഭാഷയുടെ കർതൃത്വം സംവിധായകൻ ആരുടെയും തലയിൽ കെട്ടിവയ്ക്കുന്നുമില്ല. തെറി പരിശീലനം ലക്ഷ്യം വയ്ക്കുന്നുമില്ല. പക്ഷേ ഇത്തരം സിനിമ പൊതുസമൂഹത്തിൽ സാംസ്കാരിക പ്രതിസന്ധി സൃഷ്ടിക്കുമെന്നതിൽ തർക്കമില്ല.

സിനിമ കല എന്നതിനോടൊപ്പം ഒരു സാംസ്കാരിക ഉൽപ്പന്നം കൂടിയാണ്. സിനിമയുടെ ചിത്രീകരണം, സ്വഭാവം, വർണ്ണ സൂചനകൾ, പശ്ചാത്തല സംഗീതം, ഭാഷ, താര നിർണയം തുടങ്ങി സിനിമയെ രൂപപ്പെടുത്തുന്ന ഘടകങ്ങളിലെല്ലാം സംസ്കാരം പ്രതിഫലിക്കുന്നുണ്ട്. അതിനാൽ സാംസ്കാരിക വ്യവഹാരങ്ങളെ പരിഗണിച്ചുകൊണ്ട് മാത്രമേ സിനിമയെ വിലയിരുത്താനാവൂ.സഭ്യമേത് സഭ്യേതരമേത് എന്ന വരമ്പുകൾ നിർണയിക്കേണ്ടതും അത് പാലിക്കേണ്ടതുമാണ്. പ്രത്യേകിച്ചും കുടുംബസമേതം ഒ.ടി.ടി യിൽ ചിത്രം കാണേണ്ടി വരുമ്പോൾ. അധമമെന്ന് മുദ്രകുത്തപ്പെട്ടിട്ടുള്ള ഭാഷണങ്ങൾക്ക് പ്രയോഗസാധുത ലഭിക്കും വിധം അവയെ ചിത്രത്തിൽ രൂപപ്പെടുത്തിയിട്ടുള്ളത് അക്ഷന്തവ്യമായ അപരാധമാണ്. ചുരുളി ഒരു സാംസ്കാരിക ചുഴിയാണ് സൃഷ്ടിച്ചത്. അത് പൊതുസമൂഹത്തെ മലിനമാക്കി. വാക്കുകളിലൂടെ വിസർജ്യം വർഷിക്കുകയായിരുന്നു ചുരുളി എന്ന സിനിമ.

'ധിക്കാരിയുടെ കാതൽ' എന്ന പുസ്തകത്തിലെ 'രാഷ്ട്രീയ പ്രവർത്തനവും ആഭാസ സാഹിത്യവും' എന്ന പ്രബന്ധത്തിൽ സി.ജെ .തോമസ് എഴുതി , 'അശക്തി ബോധത്തിന്റെ തുറന്ന പ്രഖ്യാപനമാണ് തെറി പറയൽ.' തെറിക്കൊരു പ്രത്യേക സ്വഭാവമുണ്ട്. അത് തിരിഞ്ഞടിക്കും (താനിപ്പോൾ തെറി ചുമന്ന് നടക്കുകയാണെന്ന് നടൻ ജോജു അഭിമുഖത്തിൽ പറഞ്ഞിരുന്നു). ഭാഷാപ്രയോഗ

FACTORY AUTHORIZED DEALER Carrier Turn to the experts
NATIONAL HEATING & COOLING SM
Your Comort Specialist for over 65 Years
23660 Grand River Ave.
Detroit, MI 48219
(313) 538-7100
NORTH AMERICAN NATE TECHNICIAN EXCELLENCE




Special Offer for Detroit Malayalee Association Members!

- Carrier 97% AFUE furnace and 14.5 SEER2 A/C system* starting under $7,800!
- System qualifies for a $500 utility rebate and federal tax credits
- More discounts available based on a home visit!
*System includes a media filter, condenser cover and more!

(313) 538-7100

**National Heating & Cooling has served Metro Detroit for over 65 Years**
**Please give us a call for your Heating and Cooling needs**

www.NationalHeating.com www.NationalHeatingSales.com

ങ്ങൾ തെറിയായി മാറുന്നത് അശക്തി ബോധത്തിൽ നിന്നാണെന്ന് ആറു പതിറ്റാണ്ടുമുമ്പ് സി.ജെ. തോമസ് എഴുതിയതിന് ഇന്നും പ്രസക്തിയുണ്ട്. ഗ്രാമ്യഭാഷ, നാടൻ ശൈലി, വാമൊഴി വഴക്കം, വന്യ സാഹചര്യ ഭാഷ എന്നൊക്കെ പറഞ്ഞു ഇത്തരം ആഭാസങ്ങളെ ന്യായീകരിക്കരുത്. മര്യാദയും ആദരവുമില്ലാത്ത ഈ അധമ ഭാഷണങ്ങൾ വിഷലിപ്തവും മനുഷ്യവിരുദ്ധവുമാണ്. കേരള സംസ്കാരത്തിന്റെ മരണ മണിയാണ് ഇവിടെ മുഴങ്ങിയത്. ദ്വയാർത്ഥ പ്രയോഗങ്ങളും വിടുവായത്തവും അശ്ലീലവും ആഭാസത്തരങ്ങളും തെറിയും ഒരു കലയിൽ പ്രയോഗിക്കുമ്പോൾ അതിർവരമ്പുകൾ ഉണ്ടാകണം. 'സംസ്കാരം' എന്ന വാക്കിനർത്ഥം 'അപരനെക്കുറിച്ചുള്ള കരുതൽ' എന്നാണ്. പൊതുസമൂഹത്തെക്കുറിച്ചുള്ള ഒരു കരുതൽ ഇതിന്റെ സൃഷ്ടികർത്താക്കൾക്ക് ഇല്ലാതെ പോയിട്ടുണ്ട്. അതാണ് വീണ്ടും സമൂഹത്തിൽ തിരിച്ചടികൾ സമ്മാനിക്കുന്നത്. തെറി ചുമന്ന് നടക്കേണ്ട സാഹചര്യമൊരുക്കുന്നത്.

(അഭിഭാഷകനും ട്രെയ്നറും മെന്ററും സാമൂഹിക നിരീക്ഷകനുമാണ് ലേഖകൻ)












കവിത



അഞ്ജലി പ്രദീപ്

# ഓണപ്പൊലിമ

ഓണമെന്നത് ഓരോ മലയാളിയുടെയും തീവ്രമായ ഒരു വികാരമാണ്.കേരളീയർ അഭിമാനത്തോടെ, തെല്ലഹങ്കാരത്തോടെയാണ് ഓണത്തെ വരവേൽക്കുന്നത്. സമ്പൽ സമൃദ്ധിയുടെയും, ഐക്യത്തിന്റെയും, സമത്വത്തിന്റെയും പ്രതീകമായാണ് നമ്മൾ ഓണത്തെ നോക്കിക്കാണുന്നത്.


'മാവേലി നാടു വാണീടും കാലം, മാനുഷരെല്ലാരുമൊന്നുപോലെ.' എത്രയോ കാലമായി ഓരോ ഓണക്കാലത്തും മുഴങ്ങിക്കേൾക്കുന്ന മലയാളികൾ മടുക്കാത്ത, മറക്കാത്ത, മാറ്റാത്ത വരികളാണിവ. ഓണമെന്നത് മലയാളിക്ക് ഒരു ആഘോഷം മാത്രമല്ല. ഒരു പ്രതീക്ഷ കൂടിയാണ്.

തിരുവോണ നാളെന്നു കേൾക്കുമ്പോൾ തന്നെ ഒരോ കേരളീയന്റേയും നാവിൽ രുചിയൂറും. തിരുവോണമെന്നാൽ മലയാളിക്ക് ഒഴിവാക്കാനാകാത്ത ഒന്നാണ് തൂശനിലയിൽ വിളമ്പുന്ന വിഭവസമൃദ്ധമായ സദ്യ. 'കാണം വിറ്റും ഓണം ഉണ്ണണം' എന്നതാണ് ഓണസദ്യയെക്കുറിച്ചുള്ള പഴമൊഴി.

വിളമ്പുന്നതിനും, ഉണ്ണുന്നതിനുമെല്ലാം അതിൻറേതായ ചിട്ടവട്ടങ്ങളുണ്ട് ഓണസദ്യക്ക്. ചോറിനോടൊപ്പം പരിപ്പ്, പപ്പടം, നെയ്യ്, സാമ്പാർ, കാളൻ, രസം, മോര്, അവിയൽ, തോരൻ, എരിശ്ശേരി, ഓലൻ, കിച്ചടി, പച്ചടി, കൂട്ടുകറി, ഇഞ്ചി, നാരങ്ങ, മാങ്ങാ അച്ചാറുകൾ, പഴം നുറുക്ക്, കായ വറുത്തത്, ശർക്കര വരട്ടി, അടപ്രഥമൻ, പാലട, പരിപ്പ് പ്രഥമൻ, സേമിയ പായസം, പാൽപ്പായസം തുടങ്ങിയവയാണ് ഓണസദ്യയിലെ പ്രധാന വിഭവങ്ങൾ.

മിഷിഗൺ മലയാളികളുടെ ഇത്തവണത്തെ ഓണാഘോഷത്തിനു പൊലിപ്പേകുന്ന ഒന്നാണ് പാചക കുലപതി ശ്രീ പഴയിടം മോഹനൻ നമ്പൂതിരി ഒരുക്കുന്ന 35 ൽ പരം വിഭവങ്ങൾ അടങ്ങിയ ഓണസദ്യ.

പൊലിമ ഓണം 2025 ന് പഴയിടം രുചി നുകരാൻ DMA യുടെ ഊട്ടുപുരയിൽ ഞാനുമുണ്ടാകും എന്റെ കുടുംബത്തോടൊപ്പം.



കഥ

# മാംഗല്യം തന്തുനാനേന...



സരിത പ്രവീൺ

ഈ കഥ നടക്കുന്നത് ഏകദേശം ഒരു രണ്ട് വ്യാഴവട്ട കാലം മുമ്പ് നമ്മുടെ കൊച്ചു കേരളത്തിലെ ശ്രീകൃഷ്ണപുരം എന്നു പറയുന്ന ഒരു ഗ്രാമത്തിൽ വച്ചാണ്. നമ്മുടെ പ്രധാന കഥാപാത്രമായ ചിന്നു അവിടെ എൻജിനീയറിങ്ങിന് പഠിക്കുകയായിരുന്നു മൂന്നാം വർഷം. അങ്ങനെ ചിന്നുവിന്റെ മൂന്നാം വർഷം സ്റ്റഡി ലീവിന് വീട്ടിൽ പോകുന്ന ഒരു ദിവസം...

അലാറത്തിന്റെ ഉച്ചത്തിലുള്ള ശബ്ദം കേട്ട് ചിന്നു എഴുന്നേറ്റു. ഇന്ന് വീട്ടിൽ പോകുന്ന ദിവസമാണ്. അതുകൊണ്ട് അവൾക്ക് ആ ശബ്ദം അത്രയ്ക്ക് വെറുപ്പ് തോന്നിയില്ല. 'ഇനി കുറച്ചുനാൾ വീട്ടിൽ താരാട്ടും നീരാട്ട് ചോറൂണ് ഒക്കെയായി ആഘോഷിച്ചിട്ട് തിരിച്ച് ഈ കുഗ്രാമത്തിലേക്ക് വന്നാൽ മതിയല്ലോ' അവൾ ഓർത്തു. എന്നിട്ട് ചാടി എഴുന്നേറ്റു വേഗം റെഡിയായി. ആറുമണിയോടെ ബസ് പോയാൽ പിന്നെ ഒറ്റപ്പാലത്തേക്ക് വേറെ വണ്ടി കുറെ നേരം കഴിഞ്ഞിട്ടേ ഉള്ളൂ. 5:45 അവൾ റെഡി ആയി. കൂട്ടുകാരുടെ യാത്രപറഞ്ഞ്, കാലത്ത് നേരത്തെ എണീപ്പിച്ചതിന്റെ ദേഷ്യം നല്ല പച്ചമലയാളത്തിൽ അവരുടെ വായിൽ നിന്നും കേട്ടു കഴിഞ്ഞ ഉടനെ ബസ്റ്റോപ്പിലേക്ക് നടന്നു. 'ഹോ ബാഗിന് ഒടുക്കത്തെ കനം.' എന്നാലും സാരമില്ല. വീട്ടിലേക്കാണല്ലോ എന്നുള്ള സന്തോഷം. മൂന്നുവർഷം കിലോ കണക്കിനുള്ള തുണികളും ഭക്ഷണ വസ്തുക്കളും പുസ്തകങ്ങളും താങ്ങിയുള്ള യാത്രകൾ ഏതൊരു സിഐടിയുക്കാരനെയും അസൂയപ്പെടുത്തുന്ന തരത്തിൽ ചുമട് എടുക്കാൻ അവളെ പഠിപ്പിച്ചു. അങ്ങനെ ആറുമണിയോടെ ബസ്സിൽ കയറി, അവൾ ഒറ്റപ്പാലം റെയിൽവേ സ്റ്റേഷനിലേക്ക് യാത്രയായി. എക്സാമിന്റെ ടെൻഷനും കോളേജ് ജീവിതത്തിന്റെ പ്രശ്നങ്ങളും എല്ലാം മറക്കുന്നത് ഈ ബസ് യാത്രയിൽ ഒക്കെയാണ്. ഇനി സുഖമായി ഒന്ന് ഉറങ്ങണം. ബസ്സിലെ പാട്ട് കേട്ട് മൂന്നാമത്തെ സ്റ്റോപ്പ് എത്തുന്നതിനുമുമ്പ് നാലാമത്തെ കൂർക്കം വലിക്കാനായി തയ്യാറായിരിക്കുമ്പോഴാണ് പുറകിൽ നിന്നും ആ ശബ്ദം..

'ഒറ്റപ്പാലം സ്റ്റേഷൻ എത്തുമ്പോൾ ഒന്ന് പറയണേ'.. കണ്ടക്ടറോട് ഒരു പ്രായമായ ആളുടെ ശബ്ദം.

'അതിനെന്താ.. ഈ കുട്ടിയും സ്റ്റേഷനിലേക്ക് തന്നെയാ.. ' എന്ന് കണ്ടക്ടർ ചിന്നുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു.

അപ്പൊ ഇനി ഉറക്കം മറക്കാം.. ചിന്നു ഓർ



ത്തു. അങ്ങനെ ഒറ്റപ്പാലത്ത് എത്തിയപ്പോൾ ചിന്നു ആ അങ്കിളിനോട് പറഞ്ഞു.. 'അങ്കിൾ അടുത്തത് സ്റ്റേഷനാണ് അവിടെ ഇറങ്ങണം. '

അപ്പോൾ തന്നെ അദ്ദേഹം തന്റെ ഭാര്യയെ തട്ടി ഉണർത്തിയിട്ട് പറഞ്ഞു അടുത്ത സ്റ്റോപ്പിൽ ഇറങ്ങാം. അങ്ങനെ മൂവരും സ്റ്റേഷൻ സ്റ്റോപ്പിൽ ഇറങ്ങി നടക്കുകയാണ് സ്റ്റേഷനിലേക്ക്. അപ്പോൾ അദ്ദേഹം ചിന്നുവിനോട് 'കുട്ടി ..ഈ ആന്റിയുടെ കൈ ഒന്ന് പിടിക്കാൻ പറ്റുമോ.. അങ്ങനെ ഭാരം എടുത്ത് ശീലം ഇല്ലാത്തതുകൊണ്ടാണ് നടക്കാൻ പ്രയാസമുണ്ട്.'

'അതിനെന്താ ..' ചിന്നു അവരുടെ കൈപിടിച്ച് നടക്കാൻ തുടങ്ങി.

അങ്കിൾ അദ്ദേഹത്തിന്റെ കഥ പറഞ്ഞു തുടങ്ങി.. 'ഞാൻ കുറെ നാൾ ആർമിയിൽ ആയിരുന്നു. ഇപ്പോഴാണ് നാട്ടിലേക്ക് വന്നത്. എന്റെ മോളെ കല്യാണം കഴിച്ചു കൊടുത്തിരിക്കുന്നത് ആലുവയിലാണ്. അവളുടെ അടുത്തേക്ക് പോവുകയാണ് ഞങ്ങൾ രണ്ടുദിവസത്തേക്ക്. കുട്ടി എങ്ങോട്ടാ പോകുന്നത്?' അങ്കിൾ ചിന്നുവിനോട് ചോദിച്ചു.

'എന്റെ വീട് എറണാകുളത്താണ്. കോളേജിൽ നിന്നും സ്റ്റഡി ലീവിന് പോവുകയാണ്. ' എന്ന് ചിന്നു പറഞ്ഞു.

അങ്ങനെ സംസാരിച്ച് അവർ സ്റ്റേഷനിൽ എത്തി. 'മോളെ, എന്നാ ആലുവയ്ക്ക് രണ്ട് ടിക്കറ്റ് കൂടി എടുത്തോളൂ ഇതാ പൈസ.. ചിന്നുവിന് പൈസ ഏൽപ്പിച്ചു.' എല്ലാവർക്കും ചിന്നു ടിക്കറ്റ് എടുത്ത് പ്ലാറ്റ്ഫോമിലേക്ക് നടന്നു. അപ്പോൾ ആന്റി ചോദിച്ചു 'കുട്ടിയുടെ പേര് എന്താ..'

ചിന്നു..

'വീട്ടിൽ ആരൊക്കെയുണ്ട്'

'അച്ഛൻ അമ്മ ചേച്ചി ഞാൻ..'

'അച്ഛന്റെ പേര് എന്താ..'

'ഉണ്ണിക്കൃഷ്ണൻ'

'അങ്കിളുടെ പേരെന്താ'

'ഗോവിന്ദൻകുട്ടി..'

ഇങ്ങനെ പേരും നാളും ഒക്കെ കൈമാറി നിന്നപ്പോഴേക്കും ട്രെയിൻ വന്നു.. ബസ്സിൽ ഇരുന്നു ഉറങ്ങാൻ പറ്റാത്തതിന്റെ വിഷമം ട്രെയിനിൽ ഉറങ്ങി തീർക്കാം, ചിന്നു ഓർത്തു.. ട്രെയിനിൽ കയറിയതും ആന്റി പറഞ്ഞു 'മോള് ഞങ്ങളുടെ കൂടെ ഇരുന്നോളൂ..' പണ്ടേ ആരോടും നോ പറയാനുള്ള ബുദ്ധിമുട്ട് കൊണ്ട് അതിനും ചിന്നു തലകുലുക്കി.. ഇനി ഉറക്കം ഖുദാ ഗവ;..

അങ്ങനെ ട്രെയിൻ പുറപ്പെട്ടു സാധാരണ ട്രെയിനിൽ ഉറങ്ങുന്നത് വടയും ചായയുടെ മണം അടിക്കാതിരിക്കാൻ ആണ്. അതിനുള്ള പൈസ സാധാരണ കയ്യിൽ കരുതാതെ ഇരിക്കുമ്പോൾ ഉറക്കമാണ് ഒരു രക്ഷ. ഇപ്രാവശ്യം അതും നടക്കില്ലല്ലോ ദൈവമേ.. അപ്പോഴാണ് ട്രെയിനിൽ 'ചായ ചായയെ' എന്ന് വിളിച്ചു കൊണ്ട് ഒരാൾ വന്നത്. 'ഓരോ ചായ ആവാം അല്ലേ.'. എന്ന് അങ്കിൾ ചോദിച്ചു. ചിന്നുവിനോട് അല്ല എന്ന മട്ടിൽ അവൾ മേലോട്ട് നോക്കിയിരുന്നു. അപ്പോൾ ആന്റി പറഞ്ഞു 'മോൾക്കും ഒരെണ്ണം ആവാം അല്ലേ..' വളരെ സന്തോഷത്തോടെ അവൾ തലകുലുക്കി. അത് കഴിഞ്ഞപ്പോൾ പഴംപൊരി വന്നു അതിനും അവൾ തല കുലുക്കി. 'രാവിലെ ഉറക്കം കളഞ്ഞത് വെറുതെയായില്ല നല്ല ലാഭക്കച്ചവടമായി'.. എല്ലാത്തിനും റെഡിയായിരുന്നു.

'നല്ല മഴ വരുന്നുണ്ട് എന്ന് തോന്നുന്നു..' അതിനും തലകുലുക്കി. 'ആലുവ സ്റ്റേഷനിൽ മോളും മരുമോനും വരുമായിരിക്കും അല്ലേ' എന്ന് ആന്റിയുടെ ചോദ്യത്തിനും.. എന്താന്നറിയില്ല.. അതിനും തലകുലുക്കി. ഇഡലിയും സാമ്പാറും വന്നപ്പോഴും വളരെ ഹാപ്പിയായി അതും മേടിച്ചു കഴിച്ചു. ഇതിനിടയിൽ കോളേജിലെയും വീട്ടിലെയും വിശേഷങ്ങളെല്ലാം അങ്കിളും ആന്റിയും ചിന്നുവിനോട് വിശദമായി തിരക്കി. എന്നിട്ട് പെട്ടെന്ന് ഒരു ചോദ്യം 'നമ്മുടെ വരുണിന് വേണ്ടി ഒന്ന് ആലോചിച്ചാലോ'.. അതിനും പതിവുപോലെ ചിന്നു തല കുലുക്കി പക്ഷേ പെട്ടെന്ന് ഒന്ന് ഞെട്ടി.. 'എന്റെ അച്ഛനും അമ്മയ്ക്കു പോലും ഇതുവരെ എന്നെ കല്യാണത്തിനെക്കുറിച്ച് ഒരു ചിന്ത പോലുമില്ലായിരുന്നു.. എത്ര നല്ലവരായ മനുഷ്യർ' അവൾ ചിന്തിച്ചു. 'വരുൺ അങ്കിളിന്റെ അനിയത്തിയുടെ മകനാണ്. ഡൽഹിയിൽ ജോലി ചെയ്യുന്നു..' ആന്റി പറഞ്ഞു. വായിൽ ഇഡലി ഇരിക്കുന്നതുകൊണ്ട് തല കൊണ്ടുള്ള ആക്ഷൻ മാത്രമേ അപ്പോൾ ചിന്നുവിന് സാധ്യമായിരുന്നുള്ളൂ. അവൾ ചെറുതായി ഒന്ന് ചിരിച്ചു. മറുപടിയൊന്നും പറഞ്ഞില്ല. പിന്നെ കുറച്ചുനേരത്തേക്ക് മൗനവ്രതമായിരുന്നു.. അവൾ സ്വപ്ന ലോകത്തേക്ക് പോയി.. മൂന്നാം വർഷ പരീക്ഷ എഴുതിയിട്ടു മതിയോ അതോ അത് ഇനി മറക്കണോ.. ജോലിയൊക്കെ ഇനി നോക്കണോ.. ഡൽഹിയിൽ നോക്കി



# URON TAX & FINANCIAL SERVICES, LLC



## TAX SERVICES & FINANCIAL SERVICES

### Tax Services

**A One-stop station for Tax preparation, representation and solution to all Tax problems**

- Representation before IRS for all Tax problems, Audits, and Appeals
- Individual and Business/Corporate Tax Returns
- All State Returns
- Book-Keeping and Payroll
- Electronic Filing

### Financial Services

**Full Financial planning for everyone**

- Tax-Free Retirement
- Retirement Planning
  401K, 403B, IRA Rollovers
- College Planning other than Section 529
- Asset Protection Strategies
- Wills and Trust

## OUR SERVICES

- ✔ Fast & friendly service
- ✔ Convenience
- ✔ Saves you money
- ✔ 100% Guaranteed
- ✔ 100% Satisfied Customers



**GEORGE T VANNILAM**
MS, MBA, EA (Enrolled Agent)
Fellow, National Tax Practice Institute
Phone: (248) 624-2511
Cell: (248) 921-9941
Fax: (248) 896-2069
www.urontax.com, www.naea.org, www.misea.org

യാൽ പോരെ.. മാധവനെപ്പോലെ ഇരിക്കുമോ അതോ ഋത്തിക് റോഷനെപ്പോലെ ഇരിക്കുമോ ഈ വരുൺ.. അങ്ങനെ ഒരു പറ്റം ചോദ്യങ്ങൾ ആയിരുന്നു അവളുടെ മുന്നിൽ.. ആലോചിച്ച് ആലോചിച്ച് അങ്ങനെ ആലുവ എത്തി. അങ്കിളിനും ആന്റിക്കും ഇറങ്ങാൻ സമയമായി. ബാഗ് എടുക്കാൻ ചിന്നുവും സഹായിച്ചു. 'താങ്ക്യൂ..' അങ്കിൾ പറഞ്ഞു.. 'കുട്ടിയുടെ അച്ഛന്റെ നമ്പർ ഒന്ന് തരാമോ? ഇതാണ് എന്റെ ഫോൺ നമ്പർ..' ഒരു പേപ്പർ ചിന്നുവിന് നേരെ നീട്ടി. അച്ഛന്റെ നമ്പർ കൊടുത്തു. 'ശരി അപ്പോൾ കാണാം' എന്ന് പറഞ്ഞു ആന്റി ഇറങ്ങി. അവർക്ക് ടാറ്റ പറഞ്ഞു ചിന്നു എറണാകുളം സ്റ്റേഷനിലും ഇറങ്ങി.

അങ്കിൾ തന്ന ആ പേപ്പർ കഷ്ണം മുറുകെപ്പിടിച്ചുകൊണ്ട് ഒരു വിധത്തിൽ അവൾ വീട്ടിലെത്തി. അച്ഛനോട് പറഞ്ഞു 'അച്ഛാ ഇതാ ഈ നമ്പർ ഒന്ന് സൂക്ഷിച്ചു വെച്ചോളൂ. എനിക്ക് രണ്ട് നിർബന്ധങ്ങളെ ഉള്ളൂ കല്യാണം ടി.ഡി.എം. ഹാളിൽ നടത്താം. പിന്നെ സദ്യ അനന്തരാമനെ ഏൽപ്പിക്കാം ബാക്കിയൊക്കെ അച്ഛൻ തീരുമാനിക്കുന്ന പോലെ.' അച്ഛൻ ഒന്നും മനസ്സിലായില്ല എന്നാലും ശരി എന്ന് പറഞ്ഞു ആ പേപ്പർ മേടിച്ചു വച്ചു. സ്ഥിരം പറയുന്ന പോലെ ഏതോ സിനിമയിലെ ഡയലോഗ് ആണെന്ന് കരുതി അച്ഛൻ ചിരിച്ചുകൊണ്ട് പത്രം വായന തുടർന്നു. സ്വന്തം കല്യാണം ഫിക്സ് ചെയ്തതിന്റെ അഭിമാനത്തോടെ ചിന്നു രാവിലത്തെ ഉറക്കം പൂർത്തിയാക്കാമെന്ന് കരുതി മുറിയിലേക്ക് പോയി. പിന്നീട് ഉറക്കം എഴുന്നേറ്റപ്പോൾ അച്ഛനോട് ചോദിച്ചു 'അച്ഛാ ഒരു ഗോവിന്ദൻകുട്ടി അങ്കിൾ വിളിച്ചിരുന്നോ? അച്ഛനു ഞാനാ പേപ്പർ തന്നത് എവിടെ? അച്ഛനാ പേപ്പറും ഓർമ്മയില്ല ഞാൻ പറഞ്ഞതും ഓർമ്മയില്ല.. '

'ഈ പേപ്പർ ആണോ' അമ്മയുടെ കിളിനാദം പുറകിൽ നിന്നും.

'നോക്കട്ടെ'

'കഴിഞ്ഞ സെമസ്റ്ററിലെ മാർക്ക് ലിസ്റ്റ് മുറി വൃത്തിയാക്കിയപ്പോൾ കിട്ടിയതാ' അമ്മ ദേഷ്യത്തോടെ.

'ആദ്യം ഇതൊക്കെ ഒന്ന് എഴുതിയെടുക്കാം അത് കഴിഞ്ഞിട്ട് ആവാം കല്യാണം സദ്യയുമൊക്കെ' എന്ന് അച്ഛൻ.

ചിന്നു മാമുക്കോയ സ്റ്റൈലിൽ ഒരു ചിരി പാസാക്കി കല്യാണം മുടങ്ങിയതിന്റെയും, ഇനിയാ concurrent programming ഒക്കെ പഠിച്ചെടുക്കണമല്ലോ എന്ന് ദുഃഖഭാരവും ഏന്തി തിരികെ മുറിയിലേക്ക്.

(ഈ കഥയും ഇതിലെ കഥാപാത്രങ്ങളും തികച്ചും സാങ്കല്പികമാണ്.. അമ്മച്ചിയാണെ സത്യം).



# Recipes



# അവിയൽ –
# AVIYAL

ഓണസദ്യയിൽ ഒഴിച്ചുകൂടാനാകാത്ത ഒരു വിഭവമാണ് അവിയൽ.

ആവശ്യമുള്ള പച്ചക്കറികൾ

| | | |
|---|---|---|
| ചേന | – | 250 ഗ്രാം |
| ക്യാരറ്റ് | – | 2 |
| ബീൻസ് | – | 5 |
| പയർ | – | 3 |
| പച്ചക്കായ | – | 1 |



Mini Saijan

- പടവലങ്ങ – 1
- മുരിങ്ങക്കോൽ – 3
- വെള്ളരിക്ക – 250 ഗ്രാം

അരപ്പ് ഉണ്ടാക്കാൻ

- തേങ്ങ – ½ മുറി
- പച്ചമുളക് – 4
- നല്ല ജീരകം – ¼ tsp
- ചെറിയ ഉള്ളി – 3
- കറിവേപ്പില – 3 തണ്ട്
- മഞ്ഞൾപ്പൊടി – ¼ tsp
- ഉപ്പ് – ആവശ്യത്തിന് തൈര്, വെളിച്ചെണ്ണ

ഒരേ വലിപ്പത്തിൽ പച്ചക്കറി കഷണങ്ങൾ അരിഞ്ഞെടുക്കുക. മഞ്ഞൾപ്പൊടിയും ഉപ്പും കുറച്ച് കറിവേപ്പിലയും രണ്ട് ടേബിൾസ്പൂൺ വെള്ളവും ചേർത്ത്, Medium Flame-ൽ വേവിച്ചെടുക്കുക. ഒരു മിക്സിയുടെ ജാറിൽ തേങ്ങയും പച്ചമുളകും ജീരകവും ചെറിയ ഉള്ളിയും കറിവേപ്പിലയും ചേർത്ത് ചെറുതായിട്ട് അരച്ചെടുക്കുക. പച്ചക്കറി കഷണങ്ങൾ വെന്തുകഴിയുമ്പോൾ അരപ്പ് അതിൽ നന്നായി ഇളക്കി യോജിപ്പിച്ച് രണ്ട് മിനിറ്റ് കൂടി അടച്ച് വച്ച് വേവിക്കുക. തീയണച്ച ശേഷം തൈര് ആവശ്യത്തിന് പുളിക്ക് ചേർക്കുക. അവസാനം വെളിച്ചെണ്ണയും കറിവേപ്പിലയും ഇട്ട് ഇളക്കി, കുറച്ച് നേരം മൂടി വയ്ക്കുക. ചൂടോടെ വിളമ്പുക.

Tips

- അവിയലിന് ഇഷ്ടമുള്ള പച്ചക്കറികൾ ഉപയോഗിക്കാം.
- തൈരിന് പകരം പച്ചമാങ്ങ ഉപയോഗിക്കാം. പച്ചമാങ്ങ മറ്റ് പച്ചക്കറി കഷണങ്ങൾക്കൊപ്പം വേവിക്കണം.
- പച്ചക്കറിക്കഷണങ്ങൾ വേവിക്കുമ്പോൾ വാഴയില മൂടിവെച്ച് വേവിച്ചാൽ രുചി കൂടും.
- തേങ്ങ കൂടുതൽ ചേർത്താൽ രുചി കൂടും.
- ചൂടോടെ വിളമ്പി കഴിക്കുന്നതാണ് നല്ലത്.

# Njurukhu Gothambu Payasam

## (Broken Wheat Payasam)



Mrs. Lucy George



Serves approximately 5–6 people | Cooking time: 30 minutes

**Ingredients:**

- Njurukhu Gothambu (Broken Wheat) – ½ cup
- Regular milk (whole milk or 2% milk) – 1.5 liters
- Condensed milk – ¾ can (for sweetness and thickness)
- Jaggery powder – 4 tablespoons (If jaggery powder is unavailable, use 4 tablespoons of sugar)
- Broken cashew nuts and raisins – ½ cup combined
- Cardamom powder – 1 teaspoon
- Ghee – 2 tablespoons
- Salt – 1 pinch

**Method:**

Heat broken wheat in a frying pan until it turns slightly brown. Then put it in a pressure cooker with 2 cups of water. 2 to 3 whistles will do. The broken wheat will become soft.

Boil milk separately and pour it into the cooker or into a different vessel (preferably a different vessel). Mix with the cooked broken wheat and jaggery powder.

Fry cashew nuts and raisins in ghee and mix with the broken wheat and milk. Pour the remaining ghee as well. Then add cardamom powder, condensed milk, salt, etc.

If you want, you can add broken almonds also.

If it becomes thick, add more milk.

According to your taste, you can add more jaggery or condensed milk for more sweetness.

Njurukhu Gothambu Payasam is ready!



മിനി സുരേഷ്



# ഇല പൊഴിക്കുന്ന മരങ്ങൾ

മാവുകളും പ്ലാവുകളും വർഷിച്ച ഇലകൾ കൊണ്ട് മുറ്റവും, തൊടിയും നിറഞ്ഞു കിടക്കുന്നു. എപ്പോഴൊക്കെയോ പെയ്തുപോയ മഴവെള്ളത്തിൽ അഴുകി ചീഞ്ഞളിഞ്ഞ ഇലകൾക്കിടയിലൂടെ കറുപ്പും, മഞ്ഞയും നിറം കലർന്ന അട്ടകൾ തേരോട്ടം നടത്തുന്നുണ്ട്. വേച്ചു പോകുന്ന കാലുകളെ ചേർത്ത് പിടിച്ച് മാണിച്ചൻ ബാഗുമായി വാതിലിനടുത്തേക്ക് നടന്നു. ഇതിലും വേഗം ഞങ്ങൾ നടക്കുന്നുണ്ടേ എന്ന് പരിഹസിക്കുന്നതു പോലെ വരാന്തയിലൂടെ രണ്ട് ഒച്ചുകൾ ഇഴഞ്ഞു നീങ്ങുന്നുണ്ട്.

വീടിനകവും ഈ ഒരു മാസം കൊണ്ട് ആകെ അലങ്കോലപ്പെട്ട് കിടക്കുകയായിരിക്കും. തെക്കേ മുറിയുടെ പാത്തിക്ക് ചെറിയൊരു ചോർച്ചയുണ്ട്. വെള്ളം കയറി തളം കെട്ടി കിടക്കുന്നുണ്ടാവണം. വയസ്സായാൽ വീഴാതെ സൂക്ഷിച്ച് നടക്കാനാണ് ഏറെ ശ്രദ്ധ വേണ്ടത്.

‘മാണിസാർ ചെന്നൈയിൽ നിന്നും വരുന്ന വഴിയാണോ. പത്രം നാളെ മുതൽ ഇട്ടേക്കട്ടേ.’ പത്രം ഇടുന്ന കൊച്ചുകുഞ്ഞാണ്.

‘ഇന്നു തൊട്ടങ്ങ് ഇട്ടോ. രാവിലെ പത്രംവായിച്ചില്ലെങ്കിൽ ഒരു സുഖവുമില്ല. ആ രാജൂനെ കണ്ടായിരുന്നോ കൊച്ചൂഞ്ഞേ. അവനെ വിളിക്കുമ്പോഴെല്ലാം ഫോൺ സ്വിച്ച്ട് ഓഫ്. എല്ലാം വൃത്തിയാക്കിയിടണമെന്നു പറഞ്ഞേൽപ്പിച്ചിരുന്നതാണ്. നേരിയൊരു ശുണ്ഠിയോടെ അയാൾ പറഞ്ഞു.

‘ആര് ജവാനോ? അവനാണ്ട വെള്ളമടിച്ച് തലയും പൊട്ടി ആശുത്രിയിൽ കിടപ്പുണ്ടെന്ന് കേട്ടു. ഇപ്പോൾ ഡിസ്ചാർജ് ആയിക്കാണണം.

‘എടോ, മഞ്ഞും, മഴയും സഹിച്ച് നാടുകാക്കുന്ന ധീരനെയാണ് ജവാനെന്ന് വിശേഷിപ്പിക്കേണ്ടത്. അല്ലാതെ പണിയെടുത്ത് കിട്ടുന്ന കാശിന് കള്ളു കുടിച്ച് നടക്കുന്നവനെയല്ല. മദ്യക്കുപ്പിക്ക് ഇടാൻ കണ്ടൊരു പേര്.’

കയ്യിലിരുന്ന കാലൻ കുട വരാന്തയിലെ കസേരയിലേക്ക് ഊക്കോടെ ഇട്ടു.ബാഗിൽ നിന്ന് താക്കോലെടുത്ത് നേരിയൊരു വിറയലോടെ അയാൾ വാതിൽ തുറന്നു.

‘സാറെന്തിനാ എന്നോട് കോപിക്കുന്നത്. ഞാനാണോ അവനാ പേരിട്ടത്.’ ബൈക്ക് സ്റ്റാർട്ടാക്കുന്നതിനിടയിൽ കൊച്ചുകുഞ്ഞ് പിറുപിറുക്കുന്നത് കേൾക്കാമായിരുന്നു.

ബാഗുമെടുത്ത് അകത്തേക്ക് കയറിയപ്പോൾ അയാളെ വല്ലാതെ കിതക്കുന്നുണ്ടായിരുന്നു. യാത്ര ചെയ്യാനൊക്കെ തിരെ വയ്യാണ്ടായിരിക്കുന്നു. ‘ഏബേലിന് ട്വന്റി ഫിഫ്ത്തിന് എക്സാം തുടങ്ങുകയാണപ്പാ. ഈസ്റ്ററിനു വരുവാൻ സാധിക്കുമെന്ന് തോന്നുന്നില്ല.’

മകൻ വിഷമത്തോടെയാണ് പറഞ്ഞത്.

‘സാരമില്ല മോനെ, കൊറോണ കഴിഞ്ഞ് ഓഫീസൊക്കെ തുറന്നതല്ലേ ഉള്ളൂ. ഇപ്രാവശ്യം ഞാനങ്ങോട്ട് വരാം.’ തന്റെ മറുപടി അവന് ആശ്വാസമായെന്ന് തോ

ന്നി.

'അപ്പച്ചന് വിഷമമൊന്നും തോന്നരുതേ. ഞങ്ങൾ തീർച്ചയായും ക്രിസ്തുമസ്സിനു വരുന്നുണ്ട്.' മിഷിഗണിൽ നിന്ന് മകളും വിളിച്ചിരുന്നു.

'ശ്ശെ. എന്താമോളെ നിങ്ങളുടെ ജോലിത്തിരക്കുകളൊക്കെ എനിക്ക് മനസ്സിലാകുന്നതല്ലേ.' അവിടെച്ചെന്നു താമസിക്കാത്തതിന് കുറെ പരിഭവമൊക്കെ പറഞ്ഞ് കരഞ്ഞാണ് ഫോൺ വച്ചതും. പ്രായത്തിന്റെ അവശതകളൊഴിച്ചാൽ മേഴ്സി നേരത്തെ പോയി എന്നൊരു സങ്കടം മാത്രമേ ഉള്ളൂ.

വീട് തന്റെയും, മേഴ്സിയുടെയും പേരിലാണ്.

ബാക്കിയുള്ള സ്വത്തുക്കൾ മകന്റെയും മകളുടെയും പേരിൽ എഴുതി വച്ചിട്ടുണ്ട്. മകൾക്കും ഭർത്താവിനും അമേരിക്കയിൽ നല്ല ഉദ്യോഗമാണ്. ചെന്നൈയിൽ മകൻ താമസിക്കുന്നതൊരു വാടക ഫ്ളാറ്റിലാണ്. സാമ്പത്തികമായി കുറച്ച് ബുദ്ധിമുട്ടുള്ള വീട്ടിലെ കുട്ടിയാണ് മരുമകൾ. അവർക്ക് രണ്ടാൾക്കും പരസ്പരം ഇഷ്ടമാണേൽ ജാതിയൊന്നും നോക്കണ്ട. കല്യാണമങ്ങ് നടത്തിക്കൊടുത്തേക്കിച്ചായാ എന്ന്  മേഴ്സിയും കൂടി നിർബന്ധിച്ചപ്പോൾ മറ്റു കാര്യങ്ങളൊന്നും നോക്കിയതേയില്ല.

ഇവിടുള്ള സ്ഥലം വിറ്റ് ബാക്കി കുറച്ച് ലോണും കൂടിയെടുത്ത് ഒരു ഫ്ളാറ്റ് വാങ്ങുവാൻ പറഞ്ഞാൽ ചെറുക്കൻ കേൾക്കുകയുമില്ല.

'അതവിടെ കിടക്കട്ടെ അപ്പാ. ഇപ്പോഴത് വിൽക്കേണ്ട ആവശ്യമൊന്നുമില്ല.' തനിക്ക് വിഷമമാകും എന്നോർത്താകും അവനതിന് താല്പര്യം പ്രകടിപ്പിക്കാറേ ഇല്ല.

'ഞങ്ങളുടെ കൂടെ വന്നു നിൽക്കുവാൻ പറഞ്ഞാൽ അപ്പച്ചൻ കേൾക്കുന്നില്ലല്ലോ. ഞങ്ങൾക്കതൊരു ബുദ്ധിമുട്ടൊന്നും അല്ല. അപ്പച്ചന് നാടിനോടും, വീടിനോടും ഉള്ള അറ്റാച്ച്മെന്റ് അറിയാവുന്നത് കൊണ്ടാണ് കൂടുതൽ നിർബന്ധിക്കാത്തത്. മരുമകളും സ്നേഹമുള്ള കുട്ടിയാണ്.

അപ്പൻ തനിച്ച് താമസിക്കുന്നതിലുള്ള മക്കളുടെ ആശങ്ക ഒഴിവാക്കാനാണ് രാജുവിനെ ഒപ്പം കൂട്ടിയത്.

ഏജൻസിയിൽ നിന്നും ആളെ ഏർപ്പാടാക്കിത്തരാമെന്ന് മകൾ പറഞ്ഞതാണ്. പക്ഷേ എന്തോ അതിനോട് അത്ര താല്പര്യം തോന്നിയില്ല. നാട്ടിൽ തന്നെയുള്ള ആളാകുമ്പോൾ ഒന്നും പേടിക്കണ്ടല്ലോ എന്നായിരുന്നു ചിന്തിച്ചത്. പണ്ട് പറമ്പിലെയും, പാടത്തെയും പണികളൊക്കെ നോക്കി നടത്തിയിരുന്ന മണിയൻ ചേട്ടന്റെ കൊച്ചുമകനുമാണ് രാജു. അന്നൊക്കെ എല്ലാക്കാര്യങ്ങളും പുലർച്ചെ എഴുന്നേറ്റവൻ ഭംഗിയായി നോക്കുമായിരുന്നു. തന്റെ ഇഷ്ടത്തിനൊത്ത് രുചികരമായി കറികളുണ്ടാക്കുവാനും, ഖദർ വസ്ത്രങ്ങൾ വൃത്തിയായി അലക്കിയിടാനും രാജുവിനു നല്ല ഉൽസാഹമായിരുന്നു. വീട്ടുമുറ്റത്ത് തോട്ടമുണ്ടാക്കിയതും, തൊടിയിൽ വീണ്ടും കൃഷി തുടങ്ങിയതുമെല്ലാം കണ്ടപ്പോൾ മനസ്സു നിറഞ്ഞു പോയിട്ടുണ്ട്.

ജോലികളെല്ലാം കഴിയുമ്പോൾ അടുത്ത് വന്നിരുന്ന് നാട്ടുവിശേഷങ്ങൾ പറഞ്ഞുകൊണ്ട് സ്നേഹത്തോടെ കാൽ തടവിത്തരും.

രാജു വന്നതിൽ പിന്നെ അപ്പച്ചന്റെ മുഖത്ത് നല്ല തെളിച്ചമാണല്ലോ. പിറക്കാതെ പോയ മകനാണെന്നാണ് തോന്നുന്നത്. അപ്രാവശ്യം അവധിക്കു വന്നപ്പോൾ മകൾ കളിയായി പറയുകയും ചെയ്തു.

ട്രഷറിയിലേക്കും, ഡോക്ടറെ കാണാൻ പോകുവാനുമെല്ലാം തുണയായി അവനുള്ളത് ആശ്വാസത്തെക്കാളേറെ സന്തോഷമായിരുന്നു. രാജു തനിക്ക് മകൻ തന്നെയായിരുന്നു. ഓർത്തപ്പോൾ വല്ലാത്തൊരു കനം നെഞ്ചിനു തോന്നുന്നു.

അടുക്കളയിൽ ചെന്ന് ഒരു കപ്പ് കട്ടൻ കാപ്പിയിട്ടു.

അമ്പലത്തിനടുത്ത് ഹോട്ടൽ നടത്തുന്ന ശ്രീകുമാറിനോട് വിളിച്ച് പറഞ്ഞാൽ നല്ല ഇഡലി കിട്ടും. പാചകത്തിനൊന്നും താല്പര്യം തോന്നുന്നുമില്ല. നല്ല ക്ഷീണവുമുണ്ട്. അല്ലെങ്കിൽ മുറ്റത്ത് വീണുകിടക്കുന്ന ഇലയൊക്കെ ഒന്നു തൂത്തുകൂട്ടി വയ്ക്കാമായിരുന്നു.

വീണ്ടും ഓർമ്മകളിലേക്ക് കണ്ണടച്ച് അയാൾ വരാന്തയിലെ ചാരുകസേരയിൽ കിടന്നു.

'മാണി സാറിന്റെയടുത്ത് അവൻ ജോലിക്ക് വന്നത് ഞങ്ങളുടെ ഭാഗ്യമാ.' ഇടക്കിടയ്ക്ക് രാജുവിന്റെ അമ്മ വിശേഷങ്ങൾ അന്വേഷിക്കുവാനെത്തും. തേങ്ങയോ, വാഴക്കുലയോ എന്തൊക്കെയാണുള്ളതെന്ന് വച്ചാൽ അമ്മയ്ക്ക് എടുത്തുകൊടുക്കുവാൻ പറയുമായിരുന്നു.

നല്ല ചൊവ്വൊള്ള ചെറുക്കനായിരുന്നു. തല തിരിഞ്ഞു പോയി. മാണിച്ചന്റെ കണ്ണു നിറയുന്നുണ്ടായിരുന്നു. മുടിയനായ പുത്രനെ ഓർത്ത് പിതാവ് എത്ര മാത്രം സങ്കടപ്പെട്ടിട്ടുണ്ടാവണം. ബൈബിളിലെ ആ ഭാഗം വായിച്ചു കൊടുക്കുമ്പോൾ മകന്റെയും മകളുടെയും കണ്ണുകൾ നനയുന്നത് കണ്ടിട്ടുണ്ട്. അവരപ്പോൾ തന്നോട് ചേർന്നിരിക്കുമായിരുന്നു.

പുത്രദുഃഖം അനുഭവിക്കുവാൻ ഇങ്ങനെയും ഒരുവിധി.

അന്ന് ഉച്ചയൂണും കഴിഞ്ഞ് ഒന്ന് മയങ്ങാനൊരുങ്ങുമ്പോളാണ് രാജു അടുത്തു വന്നത്.

'സാറേ ഇന്നലെ വഴിയിൽ വച്ച് കനാലു പണിടെ കരാറുകാരൻ പണിക്ക് കൂടുന്നോന്ന് ചോദിച്ചു. ഞാൻ സാറിനോട് ചോദിച്ചിട്ട് പറയാമെന്ന് പറഞ്ഞു.'

'സാറേ...'

മറുപടി ഒന്നും പറയാതിരുന്നതിനാലാവണം അവൻ വീണ്ടും കാലിൽ തലോടിക്കൊണ്ട് വിളിച്ചു.

'രാവിലെ എഴുന്നേറ്റ് ഇവിടുത്തെ പണി തീർത്ത് പോയാൽ സാറിന് ചോറുണ്ണാറാകുമ്പോൾ വരാം. വൈകിട്ട് വന്നിട്ട് ബാക്കി പണികളൊക്കെ തീർക്കാവുന്നതല്ലേയുള്ളൂ.'

'ഇളയപെങ്ങളെ നേഴ്സിംഗിന് പഠിപ്പിക്കുന്നതിന് നല്ല ചെലവുണ്ട് സാറേ. ഫ്ളാസ്കിൽ കട്ടൻ കാപ്പിയൊക്കെ തിളപ്പിച്ചു വച്ചോളാം. ഒന്നിനും ഒരുകുറവും വരുത്തത്തില്ല.

'വിടണ്ടായിരുന്നല്ലോ അപ്പച്ചാ.' വിവരമറിഞ്ഞപ്പോൾ


മക്കളിരുവരും ഒരു പോലെ പറഞ്ഞു.

ആദ്യമൊന്നും ഒരു പ്രശ്നവുമില്ലായിരുന്നു. ഒഴിവു ദിവസങ്ങളിൽ തൊടിയിലെ ജോലികളും അവൻ മുറയ്ക്കു നടത്തി.

'സാറേ ദിവസം എണ്ണൂറ് രൂപ വച്ച് കിട്ടുന്നുണ്ട്. ഈ മാസം പെങ്ങൾക്ക് വേണ്ടി ഇച്ചിരി പൊന്ന് വാങ്ങണം.'

പകൽ രാജു വീട്ടിലില്ലാത്തതു കൊണ്ട് ചെറിയൊരു മടുപ്പും, ഏകാന്തതയുമൊക്കെ അനുഭവപ്പെടുന്നുണ്ടായിരുന്നുവെങ്കിലും അവന്റെ സന്തോഷത്തിനു മുൻപിൽ തന്റെ സ്വാർത്ഥ താല്പര്യങ്ങളെ മൂടി വച്ചു.

മാറ്റങ്ങൾ കണ്ടു തുടങ്ങിയത് പെട്ടെന്നാണ്. ശനിയാഴ്ച വൈകുന്നേരങ്ങളിൽ പണിക്കാരുടെ ആഘോഷങ്ങളിലാണ് തുടക്കം. പിന്നെയതൊരു പതിവായി.



തന്റെ കാര്യങ്ങളെല്ലാം ആകെ അവതാളത്തിലായി. പല രാത്രികളിലും രാജുവിനെ കാത്തിരുന്ന് ഭക്ഷണം പോലും കഴിക്കാതെ മയങ്ങിപ്പോയിട്ടുണ്ട്. കുടിച്ച് ബോധം കെട്ടുറങ്ങുന്ന രാജുവിനെയായിരിക്കും പുലർച്ചെ വാതിൽ തുറന്ന് നോക്കുമ്പോൾ കാണുന്നത്. തലേന്ന് കൂലി കിട്ടിയതിന്റെയാതൊരു അവശേഷിപ്പുകളും പോക്കറ്റിൽ കാണാറുമില്ല. എത്ര വഴക്കു പറഞ്ഞാലും അവൻ മറുത്തൊരക്ഷരം പറയില്ല. ഇനി കുടിക്കത്തില്ല സാറേ എന്നുപറഞ്ഞ് കാലിൽ കെട്ടിപ്പിടിച്ച് കരയും.. ആവർത്തനങ്ങളുടെ പതിപ്പുകൾ നീണ്ടു പോയി.

'സാറിനെ വിശ്വസിച്ചല്ലേ അവനെ ഇവിടെ നിർത്തിയത്. ചീത്ത കൂട്ടുകെട്ടിൽ പെട്ട് എന്റെ കൊച്ച് നശിച്ചു. വീട്ടിലും ഒന്നും തരുന്നില്ല. അവന്റെ അമ്മയും കുറ്റപ്പെടുത്തിയതു തന്നെയായിരുന്നു. മദ്യത്തോടുള്ള ആസക്തി അതിനോടകം അവനെ കീഴ്പ്പെടുത്തിയിരുന്നു. ആ നീരാളിപ്പിടുത്തത്തിൽ നിന്ന് അവനെയെങ്ങനെ രക്ഷപെടുത്തുമെന്ന ആധി പലപ്പോഴും തന്റെ ബ്ലഡ്പ്രഷർ ഉയർത്തി.

'അപ്പാപ്പൻ ആ ജവാനെ പറഞ്ഞു വിടാൻ നോക്ക്.' പെങ്ങളുടെ മകൻ ജസ്മോൻ താക്കിതുമായി വന്നു.

'ജവാനോ, ഏതു ജവാൻ' അത്ഭുതത്തോടെയാണ് ചോദിച്ചത്.

'അല്ല, അപ്പോൾ ഇതൊന്നും അറിയുന്നില്ലേ. നമ്മടെ രാജൂന് നാട്ടുകാരിട്ട പേരല്ലേ.'

'ഏറ്റവും വില കുറവുള്ള മദ്യത്തിന്റെ പേരാണതപ്പാപ്പാ. കൂട്ടം കൂടുമ്പോൾ അവൻ എപ്പോഴും വാങ്ങിച്ചു കൊണ്ട് ചെല്ലുന്നതും ജവാനാണത്രേ,' തന്റെ മുഖത്തെ മായാത്ത ആകാംക്ഷ കണ്ടാവണം അവൻ തുടർന്നു.

'വില കുറവെന്നു പറഞ്ഞാൽ ഏകദേശം അറുനൂറ് രൂപയൊക്കെ വരും. സാധാരണക്കാരുടെ മദ്യം എന്നാണതിനെ വിളിക്കുന്നതും.'

'കൊള്ളാം, അതാണോ വിലക്കുറവെന്ന് പറയുന്നത്. ഒരു തൊഴിലാളിക്കു കിട്ടുന്നതിന്റെ നല്ലൊരു പങ്ക് മദ്യക്കടയിലേക്കാണ് പോകുന്നതെന്ന് സാരം. എണ്ണൂറ് രൂപ ദിവസക്കൂലി വാങ്ങുന്നവൻ അറുനൂറ് രൂപ മദ്യത്തിനായി ചിലവിടുന്നു. പിന്നെയെങ്ങനെ അവന്റെ കുടുംബം ബുദ്ധിമുട്ടാതിരിക്കും. ആരോഗ്യം നശിക്കുമെന്നതും ഇവരോർക്കുന്നില്ലല്ലോ കർത്താവേ.'

'രാജുവിനെ പറഞ്ഞു വിട്ടേര് അപ്പാ. വേറെ ആളെ അന്വേഷിക്കാം. ജയ്മോന്റെ ഇടപെടലാകണം പിറ്റേന്ന് തന്നെ മകന്റെ ഫോൺ വന്നു.

ജോലിയിൽ നിന്നും ഒഴിവാക്കിയെങ്കിലും രാജു ഇടക്ക് വിശേഷങ്ങൾ അന്വേഷിക്കുവാൻ വരുമായിരുന്നു. ജന്മബന്ധങ്ങളുടെ കെട്ടുപാടുകളില്ലാത്ത അദൃശ്യമായ സ്നേഹത്തിന്റെ കണ്ണി തങ്ങൾക്കിടയിലുണ്ടായിരുന്നു.

തെങ്ങിനു തടമെടുക്കുകയോ, മുറ്റം തൂക്കുകയോ അങ്ങനെ എന്തെങ്കിലുമൊരു പണി തപ്പിപ്പിടിച്ച് ചെയ്യുകയും ചെയ്യും.

'എടാ, നിനക്കീ ശീലമങ്ങ് ഉപേക്ഷിച്ചു കൂടേ. മദ്യപിച്ചില്ലേൽ നിന്നെക്കൊണ്ട് ഒരു കുഴപ്പവുമില്ലല്ലോ. എവിടേലും ധ്യാനത്തിനു പോയി ഇതിൽ നിന്നും മുക്തി നേടാൻ നോക്കണം.' ഉപദേശിച്ചു മടുത്തിരുന്നെങ്കിലും കാണുമ്പോൾ അവനോട് പറയാതിരിക്കുവാനാകുമായിരുന്നില്ല.

'നിന്റെ പെങ്ങൾക്ക് നല്ല ഒരാലോചന വരുമോടാ നീയിങ്ങനെ നടന്നാൽ. നിനക്കും ഒരു ജീവിതമൊക്കെ വേ

ണ്ടേ?’ പറയുന്നതൊക്കെ വെള്ളത്തിൽ വരച്ച പോലെയാണെന്ന് അറിയാമായിരുന്നു.

‘ചെയ്യാം സാറേ...ഇന്നു മുതൽ നിർത്തുകയാണ്.’ പക്ഷേ ക്യാൻസർ പോലെ പടർന്നു കയറിയ മദ്യാസക്തി അവനെ പിടിവിടാതെ മുറുക്കി വലിച്ചു കൊണ്ടേയിരുന്നു.

കൊറോണ പെയ്തിറങ്ങിയ നാളുകളിൽ പുതിയ ഒരാളെ കണ്ടെത്തുന്നത് അപ്രാപ്യമായതിനാൽ പുറം പണികളുടെ ചുമതല രാജുവിന് തന്നെയായി.

കൊറോണ തകർത്താടിയപ്പോൾ സാമൂഹിക അകലത്തിന്റെ ഭാഗമായി മദ്യഷാപ്പുകളും അടച്ചിടപ്പെട്ടു. ഒത്തിരിക്കാലങ്ങൾക്ക് ശേഷം രാജു പഴയ ആളായി മാറുന്നത് സന്തോഷത്തോടെ കണ്ടു.

മാറി മാറി വരുന്ന ഭരണകൂടങ്ങൾക്ക് നല്ലൊരു വരുമാനം നികുതിയിനത്തിൽ ലഭിക്കുന്നുണ്ട്.

എത്രയോ കുടുംബങ്ങളെ കണ്ണീരിലേക്കും നാശത്തിലേക്കും തള്ളി വിടുന്ന ഈ സാമൂഹിക വിപത്ത് സത്യത്തിൽ ഭരണകൂടങ്ങൾക്ക് തടയാവുന്നതേയുള്ളൂ.

‘സാറേ, ഒരു വയ്യായ്ക വന്ന് ആശുത്രിലായിപ്പോയി.’ രാജുവാണ്. താൻ നാട്ടിലെത്തിയ വിവരം ആരെങ്കിലും പറഞ്ഞ് അറിഞ്ഞു കാണും.

‘നിയെന്നോടൊന്നും മിണ്ടണ്ടെടാ,’ കസേരയിൽ കിടന്നിരുന്ന കുടയെടുത്ത് അവന്റെ ചുമൽ നോക്കി രണ്ടെണ്ണം കൊടുത്തു.

‘ഇനിയിങ്ങനെ ഒന്നും ഉണ്ടാകത്തില്ല സാറേ.’ കൈകൂപ്പിക്കൊണ്ട് അവൻ പറഞ്ഞു. അമ്മേടെ കൂടെ ചേർത്തലേൽ ഒരു അമ്പലത്തിൽ പോകുവാനിരിക്കുകയാണ്. അവിടുന്നു കിട്ടുന്ന തീർത്ഥം കുടിച്ചാൽ പിന്നെ വെള്ളമടിക്കാൻ തോന്നത്തില്ലെന്ന്.

‘പിന്നേ, നിനക്ക് സ്വയം തോന്നണം. നന്നാകണമെന്ന്. അല്ലാതെ എങ്ങും പോയിട്ട് ഒരു കാര്യവുമില്ല.’ ദേഷ്യമാണ് ആദ്യം തോന്നിയത്. അവന്റെ കണ്ണുകളിലെ നിഷ്കളങ്കത കണ്ടപ്പോൾ പാവം തോന്നി.

‘വല്ലതും കഴിച്ചായിരുന്നോടാ ചെറുക്കാ. ഇല്ലേൽ ഇഡലി മേടിക്കാം.’ അയാൾ വാത്സല്യമുള്ള പിതാവായി.

‘മുറ്റത്തെ ഇലയൊന്ന് തൂത്തു വാരിക്കളയട്ടെ. എന്നിട്ടാകാം സാറേ. പെങ്ങൾടെ കോളേജിലെ ഫീസ് സാറടച്ചെന്ന് അവള് പറഞ്ഞായിരുന്നു.’ നാട്ടുവിശേഷങ്ങളും, വിട്ടുകാര്യങ്ങളുമൊക്കെ അവൻ സന്തോഷത്തോടെ പറയുന്നത് കേട്ടപ്പോൾ മനസ്സിന് നല്ല ഉന്മേഷം തോന്നി.

‘രണ്ടാഴ്ച കഴിഞ്ഞാൽ മാവേന്ന് ഇല പൊഴിയുന്ന കാലം മാറും. പിന്നെ മാവ് തളിർക്കുവാൻ തുടങ്ങുന്ന സമയമാകും.’

താൻ സാകൂതം നോക്കിയിരിക്കുന്നത് കണ്ടാകണം അവൻ പറഞ്ഞത്.

അതെ ഇലപൊഴിയും കാലവും ഒരു നാൾ കഴിയും. അപ്പോൾ പ്രതീക്ഷകളുടെ തളിർപ്പുകളും വിടരും. കാലത്തിന് അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ ഇനിയും കഴിയും.



# Financial Literacy in Our Community:

## A Lesson Our Children Can't Afford to Miss



Abhilash Paul

The Malayalee community has always taken pride in education, hard work, and strong family values. Wherever Malayalees have settled, we've built reputations as doctors, engineers, nurses, business owners, and professionals. We raise our children to aim high, respect their roots, and pursue stability through academic and career success.

But there's one lesson we often forget to teach: how to manage money with clarity and confidence.

Financial literacy, the ability to understand how money works, how to protect it, how to grow it, and how to pass it on is no longer a luxury. It's a life skill. And in many ways, it's the missing piece in the foundation we try so hard to give our kids.

Most of us grew up with values like saving money, avoiding waste, and working hard for a better life. These principles shaped who we are. But the financial world our kids are stepping into is different. It's fast-moving, more complex, and full of distractions. Credit cards, student loans, digital scams, rising costs, and social pressure around lifestyle can create stress, even for smart and capable young adults.

Too often, they leave home knowing how to earn money, but not how to manage it. They know how to study for exams, but not how to build a budget. They understand how to get into college, but not how to avoid the trap of debt afterward. And by the time they figure it all out, they've already made mistakes that could have been prevented with simple conversations early on.

It's time we changed that.

We need to normalize talking about money in our homes. Not in a way that creates fear or pressure but in a way that builds awareness and wisdom. We need to teach our teens how to save, how to invest, how credit works, and how to make thoughtful decisions with their income. These are not lessons for later. They are lessons for now.

Because when we equip our children with financial literacy, we give them more than tools we give them options. We give them confidence. We give them freedom.


And when we do that as a community, we don't just help one family at a time. We shift the future for everyone.

Let's keep our strong academic values but let's pair them with financial education. Let's build careers but also build assets. Let's aim for stability but also for financial independence.

We've come this far by leaning on each other. Let's take this next step forward together.

The true legacy of our community isn't just in how far we've come. It's in how well we prepare the next generation to go even farther.



# Halfway to Greatness:
## Highlights from DMA 2025



Noble Thomas
General Secretary

The year 2025 began with a renewed sense of energy and purpose for the Detroit Malayalee Association (DMA). On January 1st, a strong and committed leadership team assumed office, led by President Biju Joseph. The executive committee included Dinesh Lakshmanan as Vice President, Noble Thomas as Secretary, Ashok Jordan as Joint Secretary, Praveen Nair as Treasurer, and Sanju Koithara as Joint Treasurer. Animma Aji took charge as Women's Forum President, with Sumini Jordan as the Secretary. The Youth Forum was led by Chairperson Nived Paingol and Vice Chairperson Joshua Jaiji. The Board of Trustees was headed by Chairman Sudarsana Kurup, with Rajesh Nair as Vice Chairman and Saijan Joseph as Secretary. Prince Abraham served as Ex-Officio. With a clear vision and strong teamwork, the committee set out to make 2025 a memorable year for our community.

The year kicked off with a fun-filled Valentine's Day celebration on February 15th, organized by the Women's Forum. Nearly all executive families gathered for an evening of joy, laughter, and connection. The event helped build strong relationships that continued to shape our work throughout the year.

On March 15th, DMA celebrated Holi with colors, music, and smiles all around. Members came together to enjoy the spirit of the festival and share in the happiness of the season.

On April 5th, DMA organized its annual Indoor Spring Sports Tournament, which turned out to be a great success. Sponsored by The Paingol Group Realtors, the event included badminton, table tennis, and pickleball matches. The enthusiasm and energy of the participants made the event enjoyable for everyone. Winners and runner-ups were honored, and the day stood out as a perfect mix of friendly competition and community bonding.

One of the most exciting highlights of the year was the Shaan Rahman Show held on May 3rd. This musical evening, featuring popular artists including Shaan Rahman, Harishankar, Nithya Mammen, Mithun Jayaraj, Sayonara Philip, and Niranj Suresh, drew a crowd of nearly 1,000 people. The










performances were full of life and truly entertained everyone present. The audience and the performers praised the event for its excellent planning and warm atmosphere.

Chief Editor Saijan Joseph and other members of the Dhwani team worked hard to publish a beautiful edition of our magazine during this show. As always, we had numerous writers from our community who generously contributed their content, making the publication rich, engaging, and reflective of our collective voice.

On June 7th, DMA proudly participated in the Cereal Drive organized in partnership with Gleaners and the Children's Hospital of Michigan. This effort, led by the Women's Forum and Youth Forum, aimed to fight childhood hunger. The community's support was heartwarming as members donated cereal boxes to help families in need. It was a simple but powerful way to show care and make a difference.

In July, DMA launched its 2025 Educational Scholarships to support students who have strong academic records and maintain close ties to the Malayalee community in Michigan. The scholarship reflects DMA's commitment to helping the next generation grow and succeed while staying connected to their roots. Applications are open until July 31, and we encourage all eligible students to apply.

Preparations are also underway for one of the most anticipated events of the year—our Onam celebration scheduled for August 9th. For the very first time in Michigan, DMA will host the legendary Pazhayidom Mohanan Namboothiri, who will prepare an authentic Onasadya. This event is expected to be a highlight of the year, filled with tradition, flavor, and festive joy.

A big thank you goes to The Paingol Group,




National Groceries, Authentikka, and many other sponsors for supporting us all this year.

The first half of 2025 has been truly special. From cultural events and music shows to sports and charity work, DMA has shown what can be achieved when people come together with purpose. As Secretary, I sincerely thank all our members, volunteers, sponsors, and supporters for making these moments possible. With your continued encouragement, we look forward to making the rest of the year just as memorable.













# WF Activities Recap:
# February – June 2025



Animma Ajith

From meaningful service initiatives to festive gatherings and unforgettable adventures, the past few months have been a vibrant reflection to the heart and spirit of the DMA Women's Forum (WF). Here's a look back at the highlights from February through June 2025.

In February, driven by empathy and a shared commitment to making a difference, WF members gathered together to collect gently used clothing for a shelter home in Kerala. This heartfelt initiative brought warmth and dignity to those in need, reflecting WF's core values of kindness and service.

March blossomed with connection and celebration. WF members gathered for an engaging session, exchanging ideas for future events and charitable efforts. The gathering was made even more special by a delightful cooking show and an array of delicious homemade dishes, turning the day into a true celebration of community. Later in the month, the joy continued with a vibrant Holi celebration,an evening filled with color, music, and laughter that embraced the essence of the festival and the joy of being together.

April brought a fusion of traditions, as EC members and their families came together under WF's leadership to celebrate both Vishu and Easter. The event was a joyful expression of cultural harmony and shared celebration, filled with warmth, unity, and festive spirit.

June was a month of giving and gratitude. Partnering with Gleaners, WF launched a cereal drive





to support the Children's Hospital of Detroit. With the enthusiastic support of EC members and the Youth Forum, nearly 100 boxes of cereal were collected and donated,bringing smiles to children and families in need.

Wrapping up the month was a long-awaited ladies getaway to Chicago. Over two unforgettable days, laughter, friendship, and exploration filled the air as


























members bonded over shared experiences. From scenic strolls to lively conversations, the trip was not just a break from routine but a celebration of sisterhood and just the beginning of many more adventures to come.

As we look ahead, these moments remind us of the strength, compassion, and joy that define WF. Here's to building on this momentum and continuing to make a difference together.



Authentikka

Indian Cuisine

5114 Rochester Rd, Troy, MI - 48085

Authentikka

Indian Cuisine

# FOOD CATERING

**Live Catering Stations for Dosa, Chaats & Appetizers**



- Birthday Parties
- Graduation Parties
- Wedding Functions
- House Warming
- Traditional Events
- Anniversaries
- Corporate Events
- Festival Events

248-250-6510 5114 Rochester Rd, Troy, MI - 48085


THE PAINGOL GROUP
Realtors
You dream it,
we find it
Sunil Paingol
Realtor
sunil@thepaingolgroup.com
734-674-1927
43259 Crescent Blvd, Novi, Mi 48375
Ph : Office : 248-243-9108
www.thepaingolgroup.com